AKPCTA

കേരള പ്രൈവററ്

# കോളേജ് ടീച്ചർ

ഡിസംബർ 1994

No: 123

കേരള യൂണി: സെനററ്
തെരഞ്ഞെടുപ്പ്
**AKPCTA 10 സീററിൽ
വിജയിച്ചു**

**മുട്ടുമടക്കാത്ത
സമരവീര്യം**



സെക്രട്ടേറിയററുനടയിലെ നിരാഹാര സത്യാഗ്രഹികൾക്ക് ശ്രീ. പി. എസ്. ശ്രീനിവസേൻ എം. എൽ. എ. നാരങ്ങാനീരു നൽകിക്കൊണ്ട് സത്യാഗ്രഹം അവസാനിപ്പിക്കുന്നു.



സത്യാഗ്രഹം അവസാനിപ്പിച്ചുകൊണ്ട് നടന്ന യോഗത്തിൽ ശ്രീ. ഇ. കെ. നായനാർ സംസാരിക്കുന്നു.

# മുട്ടുമടക്കാത്ത സമരവീര്യം

ഇത്തവണ മുഖ്യമന്ത്രി കരുണാകരനും കൂട്ടാളികളും രണ്ടുംകൽപിച്ചാണ് വിദ്യാഭ്യാസസമരത്തെ നേരിടാനിറങ്ങിയത്–അടിച്ചൊതുക്കുക. അടിമാത്രമല്ല, വെടിവയ്പും നടത്തി. വിലപ്പെട്ട അഞ്ചു ജീവൻ ഈ നരഭോജികൾ കവർന്നെടുത്തു. പക്ഷേ സംഘടിതശക്തിയുടെ സമരവീര്യം ഒരു ഭീഷണിക്കുമുമ്പിലും മുട്ടുകുത്തിയില്ല. അദ്ധ്യാപകരും വിദ്യാർത്ഥികളും പൊതുജനങ്ങളും ഒത്തുചേർന്ന ഐക്യശക്തി വിജയംകണ്ടശേഷമേ പിൻവാങ്ങിയുള്ളൂ.

എന്തുവന്നാലും ഈ വർഷം അൺഎയിഡഡ് കോളേജുകളുൾപ്പെടെ തങ്ങൾ തീരുമാനിച്ചിട്ടുള്ളതെല്ലാം നടപ്പാക്കുമെന്ന പിടിവാശിയായിരുന്നു സർക്കാരിന്. ഇതിനായി വേണ്ടിവന്നാൽ നിയമം മാററുമെന്നും മുഖ്യമന്ത്രി പറഞ്ഞിരുന്നു. കോടതിവിധി പോലും മറികടക്കുമെന്നാണല്ലോ ഇപ്പറഞ്ഞതിനർത്ഥം. ഇത്തരത്തിൽ വീമ്പിളക്കിയ മുഖ്യമന്ത്രിയ്ക്ക്, കോടതിവിധി സർക്കാരിനനുകൂലമായാൽപ്പോലും എല്ലാവരുമായി ചർച്ചചെയ്തിട്ടേ നടപ്പിലാക്കൂ എന്ന് മാററിപ്പറയേണ്ടിവന്നു. മാത്രമല്ല അധ്യാപകരും വിദ്യാർത്ഥികളും ഉന്നയിച്ച പ്രധാനപ്പെട്ട ഡിമാൻറുകളെല്ലാം അംഗീകരിക്കേണ്ടിയും വന്നു. എട്ട് ഒത്തുതീർപ്പുവ്യവസ്ഥകളാണ് ഉണ്ടായിട്ടുള്ളത്,

★ സ്വാശ്രയ-അൺഎയിഡഡ് കോളേജുകളും സ്കൂളുകളും ഉൾപ്പെടെയുള്ള പുതിയ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങുന്നതു സംബന്ധിച്ച് സുപ്രീംകോടതിവിധി ഗവൺമെൻറിന് പ്രതികൂലമായാലും അനുകൂലമായാലും ആ വിധി വന്നതിനുശേഷം ബന്ധപ്പെട്ട എല്ലാ വിഭാഗക്കാരുമായും ചർച്ചചെയ്യും.

★ ഒന്നാംവർഷ പ്രീഡിഗ്രി പരീക്ഷകളുടെ നടത്തിപ്പ് സർവ്വകലാശാലാതലത്തിൽനിന്നും മാററി അതത് കോളേജുകളിൽ നടത്താനാണ് ഗവൺമെൻറ് തീരുമാനിച്ചിട്ടുള്ളത്. അത് പാടില്ലെന്നും പ്രീഡിഗ്രിപരീക്ഷകളുടെ


## KERALA PRIVATE COLLEGE TEACHER

ഡിസംബർ 1994 No. 123


പത്രാധിപസമിതി

എഡിറ്റർ
*വി. എൻ. മുരളി*

മാനേജിംഗ് എഡിറ്റർ
*എ. പ്രതാപചന്ദ്രൻനായർ*

അംഗങ്ങൾ

*എൽ. ജി. വർഗ്ഗീസ്, കെ. സദാശിവൻനായർ, പി. ജി. ചന്ദ്രശേഖരൻനായർ, സി. ജെ. ശിവശങ്കരൻ, ജെ. ചന്ദ്ര, ടി. എൻ. മനോഹരൻ, വി. രാജേന്ദ്രൻ നായർ, ജോണി കെ. ജോൺ, കെ. സി. കുട്ടപ്പൻനായർ*



**വാഹന അപകടത്തിൽ അന്തരിച്ച എ. കെ. പി. സി. ടി. എ. നേതാവ് പ്രൊഫ. ആർ. സുന്ദരേശൻ നായർ**

നടത്തിപ്പ് സർവകലാശാലകളിൽത്തന്നെ നിലനിർത്തണമെന്നും സംയുക്തസമരസമിതികളുടെ ആവശ്യം ഗവൺമെൻറ് തത്ത്വത്തിൽ അംഗീകരിച്ചു. അതിൻെറ വിശദാംശങ്ങൾ രണ്ടാഴ്ചയ്ക്കുള്ളിൽ ഗവൺമെൻറ് സർവ്വകലാശാലാ വൈസ്ചാൻസലറൻമാരുമായി വിദ്യാർത്ഥി–അധ്യാപക സംഘടനകളുടെ പ്രതിനിധികളുടെ സാന്നിധ്യത്തിൽ ചർച്ചചെയ്ത് തീരുമാനിക്കും. അതുവരെ ഇക്കാര്യത്തിൽ ഗവൺമെൻറ് എടുത്ത തീരുമാനം നടപ്പാക്കുന്നതിനുള്ള നടപടികൾ നിർത്തിവയ്ക്കും.

★ വർദ്ധിപ്പിച്ച വിവിധ ഫീസ്നിരക്കുകൾ കുറയ്ക്കുന്ന പ്രശ്നത്തിലും ബന്ധപ്പെട്ട അധികൃതരുമായി ആലോചിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കും. ഫീസ് വർദ്ധനവ് കുറക്കാൻ ഗവൺമെൻറ് ഇനിയും തീരുമാനിക്കാത്ത ഫീസുകളുടെ കാര്യത്തിലായിരിക്കും ഇങ്ങനെ ചർച്ചചെയ്ത് തീരുമാനിക്കുന്നതെന്ന് വിദ്യാഭ്യാസമന്ത്രി വ്യക്തമാക്കി. മോഡൽ എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്കുകൾ എന്നിവയിലെ ഫീസ് വർദ്ധനവുകളും അങ്ങനെ തീരുമാനിക്കേണ്ടതിനങ്ങളിൽപ്പെടും.

★ സെൻറർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചിട്ടുള്ള കോളേജുകളിൽനിന്നും പ്രീഡിഗ്രി കോഴ്സുകൾ സ്ക്കൂൾതലത്തിലേയ്ക്ക് (പ്ലസ് ടു) മാററുന്നത് ഘട്ടം ഘട്ടമായിട്ടായിരിക്കും. ആ നടപടി സ്വീകരിക്കുമ്പോൾ കോളേജുകളിൽ അധികംവരുന്ന അധ്യാപകരെ അവിടെത്തന്നെ നിലനിർത്തും. ആട്ടോണമസ് കോളേജുകൾ ആരംഭിക്കുന്ന കാര്യം തീരുമാനമായിട്ടില്ല. അഥവാ അത്തരം സ്ഥാപനങ്ങൾ തുടങ്ങുകയാണെങ്കിൽ അക്കാര്യവും ഗവൺമെൻറ് ബന്ധപ്പെട്ട എല്ലാ വിഭാഗക്കാരുമായും ആലോചിക്കുന്നതാണ്.

★ എൻജിനീയറിംഗ് കോളേജ്വിദ്യാർത്ഥികളുടേയും മററും സെമസ്ററർ പരീക്ഷാസമ്പ്രദായത്തിൻേറയും ക്ളാസിഫിക്കേഷൻേറയും കാര്യത്തിൽഎന്തെങ്കിലും മാററം ആവശ്യമാണെങ്കിൽ അത് അയൽ സംസ്ഥാനങ്ങളിൽ നിലവിലുള്ള നടപടിക്രമങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുന്നതാണ്. ഡയറക്ടർ ബന്ധപ്പെട്ടവരുമായി ഒരു മാസത്തിനകം ചർച്ചചെയ്ത് തീരുമാനമെടുക്കും.

★ മഹാത്മാഗാന്ധി യൂണിവേഴ്സിററിയിൽ അക്കാദമിക് കൗൺസിൽ ഉടൻ രൂപീകരിക്കുന്നതാണ്.

★ വിദ്യാർത്ഥിസമരത്തോടനുബന്ധിച്ചുള്ള കേസുകളിൽ അക്രമസ്വഭാവമില്ലാത്ത കേസുകൾ പിൻവലിക്കും.

★ വിദ്യാർത്ഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. സംസ്ഥാനത്തിൻെറ ചില ഭാഗങ്ങളിൽ വിദ്യാർത്ഥികൾക്ക് നിഷേധിച്ചിരിക്കുന്ന ബസ് കൺസെഷൻപുനഃസ്ഥാപിക്കുന്നതിന് മുഖ്യമന്ത്രി ട്രാൻസ്പോർട്ടു മന്ത്രിയുമായി ചർച്ച ചെയ്തു വേണ്ടതു ചെയ്യും.

രണ്ടുമാസം നീണ്ടുനിന്ന വിദ്യാർത്ഥി–അധ്യാപക പ്രക്ഷോഭം അത്ര എളുപ്പം തല്ലിയൊതുക്കാനാവില്ലെന്നു മനസിലാക്കിയപ്പോഴാണ് ഇത്തരമൊരു ഒത്തുതീർപ്പിലേയ്ക്ക് സർക്കാരിന് വരേണ്ടിവന്നത്. അധ്യാപകരും വി

## കേരള യൂണി: സെനറ്റ് തെരഞ്ഞെടുപ്പ്

# 16 ൽ 10 സീറ്റും എ. കെ. പി. സി. ടി. എ. യ്ക്ക്

### *വിജയികൾ*

**ടി.കെ. ഗോപാലകൃഷ്ണൻ നായർ**
എൻ. എസ്.എസ്. കോളേജ്, പന്തളം

**പി. ഹരിദാസൻ**
എസ്. എൻ. കോളേജ്, കൊല്ലം.

**എം. കെ. ജോൺ**
ക്രിസ്ത്യൻ കോളേജ്, ചെങ്ങന്നൂർ.

**ജോൺമാത്യു**
സെൻറ് ഗ്രിഗോറിയസ് കോളേജ്
കൊട്ടാരക്കര.

**സി.വി. നടരാജൻ**
ടി. കെ. എം. എം. കോളേജ്
നങ്ങ്യാർകുളങ്ങര.

**ടി. എൻ. രാമൻപിള്ള**
വി. ടി. എം. എൻ. എസ്. എസ്. കോളേജ്, ധനുവച്ചപുരം.

**ഡോ. ജി. രവീന്ദ്രൻ**
എസ്. എൻ. കോളേജ്, ചെമ്പഴന്തി

**പി. രവീന്ദ്രനാഥൻനായർ**
എസ്. ഡി. കോളേജ്, ആലപ്പുഴ.

**പി. രഘുനാഥൻ**
എം. എസ്. എം. കോളേജ്
കായംകുളം.

**എ. സിറാജുദീൻകുട്ടി**
ടി.കെ.എം. ഇഞ്ചിനീയറിംഗ്കോളേജ്
കൊല്ലം.

---

ദ്യാർത്ഥികളും പൊട്ടന്നൊരുദിവസം പ്രക്ഷോഭത്തിലേയ്ക്ക് എടുത്തുചാടിയതല്ല. സേവ് എഡ്യൂക്കേഷൻ കമ്മിറ്റി നവമ്പർ ഒന്നുമുതൽ പതിനഞ്ചു വരെ സംസ്ഥാനവ്യാപകമായി രണ്ടു ജീപ്പുജാഥകൾ നടത്തി. ഗവൺമെൻറുമായി ചർച്ചയ്ക്ക് പലവട്ടം ശ്രമിച്ചു. നടന്നില്ല. ഗവൺമെൻറിൻെറ വിദ്യാഭ്യാസനയ കാര്യത്തിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എന്തുകാര്യം എന്നതായിരുന്നു സർക്കാർ നിലപാട്. ഈ നിഷേധാത്മക നയത്തിൽ പ്രതിഷേധിച്ചായിരുന്നു നവമ്പർ 16 മുതൽ സെക്രട്ടറിയേറ്റു നടയിൽ വിദ്യാർത്ഥികളുടെ അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം ആരംഭിച്ചത്. നവമ്പർ 19 ന് അദ്ധ്യാപകരും ജീവക്കാരും കൂടി നിരഹാരസത്യാഗ്രഹം തുടങ്ങി സമരം നവമ്പർ 22 മുതൽ ജില്ലാ കേന്ദ്രങ്ങളിലേയ്ക്കും വ്യാപിപ്പിച്ചു. നവമ്പർ 28 ന് വിദ്യാർത്ഥികൾ വിദ്യാഭ്യാസ ബന്ദ് ആരംഭിച്ചു. ഡിസംബർ 6 മുതൽ അദ്ധ്യാപകരും യൂണിവേഴ്സിറ്റി ജീവനക്കാരും അനിശ്ചിതകാല പണിമുടക്കാരംഭിക്കാനും തീരുമാനിച്ചു. ഇത്തരത്തിൽ സമരം അതിരൂക്ഷമായപ്പോൾ മാത്രമാണ് സർക്കാർ നിലപാടു മാറ്റിയത്. അങ്ങനെ സർവ്വകക്ഷി യോഗം വിളിച്ചു പ്രശ്നം ചർച്ച ചെയ്തു. തുടർന്ന് ഡിസംബർ 3-ാം തീയതി മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും അദ്ധ്യാപകരേയും വിദ്യാർഥികളേയും ചർച്ചയ്ക്കു ക്ഷണിക്കുകയും സമരം ഒത്തുതീർപ്പിലെത്തിക്കുകയും ചെയ്തു. കുറച്ചുനേരത്തേ സർക്കാരിന് ഈ ബുദ്ധി തോന്നിയിരുന്നെങ്കിൽ എന്തെല്ലാം അനിഷ്ടസംഭവങ്ങളും ദുരന്തങ്ങളും ഒഴിവാക്കാൻ കഴിയുമായിരുന്നു.

വിദ്യാഭ്യാസ മേഖലയെ വ്യാപാരവല്ക്കരിക്കുന്നതിനെതിരെ അദ്ധ്യാപകരും വിദ്യാർത്ഥികളും പൊതുജനങ്ങളും യോജിച്ചു നടത്തിയ മുന്നേറ്റം ഇനിയും തുടരേണ്ടതുണ്ട്. അപകടം തല്ക്കാലം ഒഴിവായിട്ടേയുള്ളൂ. ഭീഷണി ഇനിയും ഉയരാം. നിലനിൽക്കുന്ന നിയമങ്ങളോ കോടതിവിധികളോ ഒന്നും മാനിക്കാൻ തയ്യാറല്ലാത്ത ഒരു ഭരണകൂടത്തെയാണ് നമുക്കു നേരിടാനുള്ളത്. ഇവരിൽ നിന്നും വിദ്യാഭ്യാസത്തെ രക്ഷിക്കാൻ നിതാന്ത ജാഗ്രതയോടെ മുന്നേറാം. സമരം വിജയിപ്പിക്കാനായി സംസ്ഥാനത്തൊട്ടാകെ സമർപ്പിത ചേതസ്സുകളായി പ്രവർത്തിച്ച എല്ലാവരേയും അഭിനന്ദിക്കുന്നു. സമരത്തിനിടയിൽ ധീരരക്തസാക്ഷിത്വം വരിച്ചവർക്ക് ഞങ്ങൾ ആദരാഞ്ജലി അർപ്പിക്കുന്നു □

കേരള യൂണിവേഴ്സിററി സെനററ് തെരഞ്ഞെടുപ്പ്

# എ. കെ. പി. സി. ടി. എ യ്ക്ക് ഉജ്ജ്വല വിജയം

കേരള യൂണിവേഴ്സിററി സെനററ് തെരഞ്ഞെടുപ്പിൽ അദ്ധ്യാപക മണ്ഡലത്തിൽ നിന്നുള്ള പതിനാറു സീററിൽ പത്തെണ്ണത്തിലും എ കെ.പി.സി.ടി.എ സ്ഥാനാർത്ഥികൾ വിജയിച്ചു. അവശേഷിച്ച ആറു സീററാണ് മററെല്ലാം സംഘടനകൾക്കും കൂടി ലഭിച്ചത്. കഴിഞ്ഞ തവണ എ.കെ.പി.സി.ടി.എ യ്ക്ക് കിട്ടിയത് ഒൻപത് സീററാണ്. ഇപ്പോൾ അത് പത്തായി ഉയർന്നു.

പ്രൈവററ് കോളേജദ്ധ്യാപകർക്ക് വിശ്വാസമർപ്പിക്കാൻ ഒരൊററ സംഘടനയേ ഉള്ളൂ എന്നാണ് ഈ തെരഞ്ഞെടുപ്പുഫലം വ്യക്തമാക്കുന്നത്. സെനററ് തെരഞ്ഞെടുപ്പുസമയത്തും അദ്ധ്യാപക താല്പര്യത്തിനായി പോരാട്ടങ്ങളുടെ പാതയിലായിരുന്നു എ.കെ.പി സി ടി. എ. നിരാഹാര സമരപ്പന്തലുകളിൽ വച്ചാണ് വിജയവാർത്ത എ.കെ.പി.സി.ടി.എ പ്രവർത്തകർ കേട്ടത്.

കേരള സർക്കാരും യൂണിവേഴ്സിററിയും അനുവർത്തിക്കുന്ന അദ്ധ്യാപകവിരുദ്ധ നിലപാടുകളോടുള്ള ശക്തമായ പ്രതിഷേധം ഈ തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചിട്ടുണ്ട്. യൂണിവേഴ്സിററി ജനാധിപത്യം അട്ടിമറിച്ചവരോട് അദ്ധ്യാപകർ ശരിക്കും കണക്കു പറഞ്ഞിരിക്കുന്നു. ഏകീകൃത നിയമം പോലുള്ള കരിനിയമങ്ങൾ പുറത്തെടുക്കരുതെന്നുള്ള താക്കീതുകൂടി ഈ തെരഞ്ഞെടുപ്പുഫലത്തിൽ അടങ്ങുന്നുണ്ട്.

പതിവുപോലെ അപവാദ പ്രചരണങ്ങൾ നടത്തി എ.കെ.പി.സി.ടി.എ യെ തകർക്കാൻ ചില സംഘടനാവേഷധാരികൾ ഇത്തവണയും ശ്രമിച്ചു. പക്ഷേ അവർ സ്വയം തകർന്ന ചിത്രമാണ് തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ കാണുന്നത്. ഉണ്ടായിരുന്ന സ്ഥാനം കൂടി അവർക്ക് നഷ്ടപ്പെട്ടു. കള്ളപ്രചാരവേലകൊണ്ട് രക്ഷപ്പെടാനാവില്ലെന്ന് ഇനിയെങ്കിലും അവർ മനസ്സിലാക്കുമോ ? പച്ചയായ രാഷ്ട്രീയം കളിക്കുന്ന സംഘടനാരംഗത്തെ ഈ വ്യാപാരി-വ്യവസായികൾ എ.കെ.പി സി.ടി.എ യിൽ രാഷ്ട്രീയം കണ്ടെത്താൻ ഭൂതക്കണ്ണാടി വച്ച് നോക്കുകയായിരുന്നു. കരുണാകരസർക്കാരിന്റെ എല്ലാ കരിനിയമങ്ങളേയും കണ്ണടച്ച് സ്വാഗതം ചെയ്തവരാണിവർ. കോർപ്പറേററ് മാനേജുമെന്റുകളിലെ അദ്ധ്യാപകർക്ക് ശാപമോക്ഷമാകുമായിരുന്ന 'സ്ഥലംമാററ നിയമ'ത്തിനെതിരേ ഭരണകക്ഷിയോടു ചേർന്ന് സിൻഡിക്കേററിൽ വോട്ടു ചെയ്തത് 'രാഷ്ട്രീയമില്ലാത്ത' സംഘടനയുടെ ജനറൽ സെക്രട്ടറിയാണ്. അദ്ദേഹത്തിന്റെ ഒരൊററ വോട്ടിനാണ് ആ നിയമം പരാജയപ്പെട്ടത് ! ഇങ്ങനെ എന്തെല്ലാം വിക്രിയകൾ ഇവർ ചെയ്തു. ഇപ്പോൾ ഒന്നാം വർഷ പ്രീഡിഗ്രി പരീക്ഷ യൂണിവേഴ്സിററിയിൽ നിന്നെടുത്ത് കോളേജുകളിൽ സ്ഥാപിക്കാനും അദ്ധ്യാപകരെ പരീക്ഷ നടത്തുന്ന യന്ത്രമാക്കാനും, അദ്ധ്യാപകരുടെ അർഹതപ്പെട്ട വെക്കേഷൻ നഷ്ടപ്പെടുത്താനും ഇറങ്ങിതിരിച്ചിരിക്കയാണ് ഇക്കൂട്ടർ. യാതൊരു കാഴ്ചപ്പാടുമില്ലാതെ പരസ്പരവിരുദ്ധമായി സംസാരിക്കുന്നതാണ് ഇവരുടെ 'അരാഷ്ട്രീയത'. അൺഎയ്ഡഡ് കോളേജ് അനുവദിക്കരുതെന്ന് അവരുടെ സംഘടന പ്രമേയം പാസാക്കി. തൊട്ടുപുറകേ അൺഎയ്ഡഡ് കോളേജുകളെ സ്വാഗതം ചെയ്തുകൊണ്ട് ആ സംഘടനയിലെ ഒരു സെനററ് സ്ഥാനാർത്ഥിയുടെ പത്രപ്രസ്താവന വന്നു ! അദ്ധ്യാപകരെ 'രാഷ്ട്രീയ ഉമ്മാക്കി' പറഞ്ഞു കബളിപ്പിക്കാവുന്ന കാലമൊക്കെ കഴിഞ്ഞു. 'അദ്ധ്യാപകന്റെ രാഷ്ട്രീയം' എന്തായിരിക്കണമെന്ന് ഉത്തമബോധ്യവുമുള്ളവരാണ് കേരളത്തിലെ കോളേജധ്യാപകർ. സങ്കുചിത കക്ഷിരാഷ്ട്രീയവും ഗ്രൂപ്പു രാഷ്ട്രീയവും തലയി

(ശേഷം 33—ാംപേജിൽ)

# VOCATIONALISATION OF THE FIRST DEGREE STAGE OF HIGHER EDUCATION

*Prof. Mrinmoy Bhattacharyya.*
*General Secretary, AIFUCTO*

More than a hundred colleges and University departments are introducing or have already introduced vocational courses along with other traditional subjects from this very academic session 94-95. The U.G.C. has made a provision of Rs. 111/- crores for this purpose on cent percent grant basis for a period of four yeors i.e. 1994-98. A committee set up by the U.G.C. has suggested 35 vocational subjects and prepared model syllabi for them and has made provisions for the job training but has maintained the usual structure of three years degree course under the jurisdiction of the universities. The purpose of the seminar is to (I) Analyse the need for restructuring of the curricula and syllabii of the first degree course including possible need for introduction for vocational course, (*ii*) Study the perparedness of universities and colleges to introduce the proposed courses from this very academic session, (iii) Consider the possibility of expansion of the scheme to cover all or more willing institutions and to continue it after cessation of funding by the UGC, (iv) Examine other similar programmes which were initiated in the past and/or which are still existing at different levels of education and draw necessary lessons from their success failures (v) Look at the global experience in terms of educational reforms and emerging structure of employment and family (vi) To make concrete suggestions on the issue from the point of view of teachers organisations that is giving priority to the grass root experience of teachers who are to function the system including this experiment.

We shall briefly touch upon each of the above points and hope that in course of the seminar different including conflicting points of view will be put forward by the seminarists and some well thought out recommendations will emerge consequently.

I

Substantial expansion of first degree education specially in the general (Arts, Science and Commere) stream without much thought about its quality and/or purpose has taken place. Unemployment of the students after receiving this level of education is severe. If by reforming

## ഡോ. രാധാലക്ഷ്മിയ്ക്ക് യാത്ര അയപ്പ്

ശ്രീ ശങ്കര സംസ്കൃത യൂണിവേഴ്സിററിയിൽ റീഡർ ആയി നിയമനം ലഭിച്ച കോട്ടയ്ക്കൽ ആയുർവേദ കോളേജ് സംസ്കൃതം ലക്ചറർ ശ്രീമതി രാധാലക്ഷ്മിയ്ക്ക് എ. കെ. പി. സി. ടി. എ. ബ്രാഞ്ച് സമുചിതമായ യാത്ര അയപ്പു നൽകി. ഡോ. ശ്രീകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡോ. പത്മനാഭൻനായർ, ഡോ. ശങ്കരൻകുട്ടി, ഡോ. ഈശ്വരശർമ്മ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.

---

its content students can be employable everybody will welcome it.

But the main question is will the students who may complete this vocational first degree course find employment or be successful entrepreneurs? Will it lead to halt of proliferation of colleges mostly on as non grant self financing basis? The answers to both the questions if not an emphatic 'NO- cannot be said 'YES' with much convic' tion.

The reasons are being analysed in the succeeding paragraphs.

In case the main objective is unlikely to be achieved through this vocationalisation process what should we do in that case we should suggest primarily two steps. Firstly, U G C Act should be amended to the effect that a college can be established only through an appropriate legislation as in case of a university and guarantee that only on academic consideration and on fulfilment of requisite human and material complements a college is set up. It should be mentioned at this stage that hundreds of self financing colleges have already been started in Bihar, Assam, Orissa, and Andra pradesh and it is spreading elsewhere. In Kerala 39 such colleges have already been sanctioned manifestly illegally since the existing university acts do not have any provision for such colleges, Besides 71 more such colleges are also proposed tobe sanctioned soon. Obviously these colleges are being created on consideration which is far from academic And these colleges will belong to those streams which are least expensive and will impart education of indifferent quality and will further increase unemployed and unemployable graduates. If the Government of India is at all serious about meaningful reform of our collegiate education, this is the easiest of the steps but extremely important.

Secondly the syllabi and curriculam of the first degree course should be so reformed as to make them more practice-oriented and reflecting the needs and possibilities of our economy. This should de done while leaving sufficient opportunity for pursuit of liberal education keeping in mind that education is not for

bread alone and there must be courses of study which are not to be job-oriented at all while recognising that for most, job will be the goal of education.

II

Our colleges and universities are in general not equipped to teach/instruct these courses. The very orientation of our institutions of higher education is different consequently the very competence of these institutions, as of now, to effectively tackle these courses is doubtful. Our colleges universities have hardly any contact with places of work or industries. The heads of institution usually have no contact with employers less knowledge usually have no contact and less knowledge about apprenticeship acts. To expect that over night they will become radically different is, to say the least unrealistic. Least we are misunderstood, let us make it clear that we are not status-quoipt and we do not think the present state of things desirable. None the less we want to emphasize that the tremendous haste with which these courses are being introduced is likely to be counter productive.

III

We do not have comprehensive date about how many institutions have agreed to introduce these courses and which particular course have been introduced in how many institutions. However it seems that the number of institutions will surely exceed 100, that was originally planned. But what is notable is that not a single state government has so far come out with clear cut commitment that after the expiry of the four years period for which the U.G.C. is paying the additional expenditure, they would continue the scheme on their own. On the contrary many state governments have stated that they will not be in a position to continue them. Thus the very future of this experiment made on a selective basis becomes uncertain.. In terms of the scheme all appointments are to be made on a purely temporary on contractual basis. This is also likely to reduce the chance of success of these courses. People who will participate as teacher/instructor since they would know that neither the course nor their emploment had any secure future are unlikely to be able to give their best and will be on the look-out for greener pasture elsewhere.

IV

Vocationalisation and job oriented education are pretty old ideas. Kothari commission in 1965 made very strong recommendation for introduction of vocational stream at the level of higher secondary or plus two stage and wanted as much as 50 p.c. of students to join this stream. The idea was to so conduct this course as would make them skilled middle level workers. It is well known that no worthwhile effort was made to introduce the scheme. Introduction of vocational stream of education among others demand substantial investment in educational infrastructure. The state paid only lip-service to this scheme and declared that there was no enthusiasm among students to join this stream. However the Govt. of India has not made an honest and objective study of this failed scheme of vocationalisation of plus two level On the other hand through the U.G.C. they are making another ill-prepared and half-hearted

effort to introduce vocationalisation at the first degree stage.

Diploma on licensiate courses of engineering are taught in polytechnics. Those are vocational courses and much sought after as well. By and large the polytechnics are rendering useful service and functioning satisfactorily. The students coming out of them are acceptable to the employers. It is understandable that not all possible vocational courses are offered in the polytechnics But in that case we need introduction of those courses either in the existing polytechnics or create or allow/promote creation of more and new special institutions which can offer these courses. They have the right orientation and expertise. It is beyond our comprehension how graduates offering one vocational subject along-with other traditional subjects and examined by our universities will become more effective to the prospective employers. The main point is that we should have drawn upon the success of our polytechnics.

## V

Human development reports of the U.N.D.P. for 1994 and 1995 have been showing (i) The trend of jobless growth affecting developed and developing countries alike and (ii) The changing pattern of employment and unemployment. Firstly, it shows how growth of GNP and consequent national enrichment runs alongwith absolute fall in the level of employment. This among others is the result of new trend of technological improvement which is mainly aimed at replacing labour by capital.

Secondly, the reports indicate how among the employed the proportion of (a) people employed in the informed sector and (b) Self-employed people has been rising progressively. Even in some of the developed countries more than 50 p.c. of the employed people belong to the above two categories. It should be understood that often employment of these categories is an euphemism for under-employment and at times unemployment. Simultaneously proporation of working people employed in the public sector and organised private sector has been declining.

Thirdly it is pointed out this time particularly for the developing countries that in general education does not lead to employment and even does not facilitate employment. In many developing countries percentage of people recorded as unemployed increases with enhancement of level of education.

Statesmen and educational reformers all the world over are trying various measures to face these developments. The present scheme of vocationalisation of the first degree course in our country is also an effort in this direction. Many countries are severely curtailing allocation on higher education and research specially those concerning humanities and pure science. Privatisation and commercialisation go well hand in hand with job orientation. Few are bothered about the long run or non-paying advancement of learning.

## VI

Growing unemployment of our educated youth or unplanned growth of colleges are no doubt serious problems. But they are unlikely to be solved by

such ill planned sudden introduction of vocational courses at the first degree stage. Basic problems emanating from low economic growth, prevents growth of technology and the effect of globalisation cannot be countered by education alone.

We recognise need for deep going educational reform including its structure and content and this should include content and methodology of education at the first degree level. It involves serious rethinking on the part of the state more particularly Government of India. Such reforms will require much more investment in education by the state. Privatisation and commercialisation cannot lead to any solution. They can further aggregate the situation. □

# ജനങ്ങളിൽ ആവേശമുണർത്തിയ ജീപ്പ് ജാഥ

കേരള സർക്കാർ നടത്തുന്ന വിദ്യാഭ്യാസകച്ചവടത്തിന്റെ അപകടം ജനങ്ങളെ ബോധ്യപ്പെടുത്താനായി സേവ് എഡ്യൂക്കേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന ജീപ്പുജാഥകൾ ആവേശകരമായിരുന്നു. കാസർകോടുനിന്നും .വയനാട്ടിൽ നിന്നും ആരംഭിച്ച ജാഥകൾക്ക് നേതൃത്വം നൽകിയത് കെ. എസ്. ടി. എ. ജനറൽ സെക്രട്ടറി ശ്രീ ബാലകൃഷ്ണൻ നമ്പ്യാരും (ക്യാപ്ടൻ) എ. കെ. പി. സി. ടി. എ. ജനറൽ സെക്രട്ടറി പ്രൊഫ. കെ. സദാശിവൻ നായരു (ക്യാപ്ടൻ) മായിരുന്നു. ഒക്ടോബർ 31–ന് വൈകിട്ട് രണ്ടു ജാഥകളും ഉദ്ഘാടനം ചെയ്തു. കടലോര ജാഥ സ: ഇ. എം. എസും മലയോര ജാഥ സ. പി. കെ. വാസുദേവൻ നായരുമാണ് ഉദ്ഘാടനം ചെയ്തത്. അധ്യാപകരും വിദ്യാർത്ഥികളും, പൊതുജനങ്ങളും ജാഥയ്ക്ക ഉജ്ജ്വലമായ വരവേൽപു നൽകി. നവമ്പർ 14 ന് ജാഥകൾ തിരുവനന്തപുരത്ത് പര്യവസാനിച്ചു. നവമ്പർ 15 ന് ആയിരക്കണക്കിനാളുകൾ പങ്കെടുത്ത സെക്രട്ടറിയറ്റ് മാർച്ചും നടന്നു.

ഒരു രാജ്യത്തിന്റെ പുരോഗതിയിൽ സർവകലാശാലകൾക്ക് സവിശേഷമായ പങ്കുണ്ട്. ഭാവിയെ കരുപ്പിടിപ്പിക്കേണ്ട വ്യക്തികൾ—ഭരണസാരഥികൾ, നിയമജ്ഞർ, സാങ്കേതിക വിദഗ്ധർ, അധ്യാപകർ തുടങ്ങി—എല്ലാം തൃതീയ തലത്തിലെ വിദ്യാഭ്യാസത്തിന്റെ സന്തതികളാണ്. ലോകപ്രശസ്തങ്ങളായ സർവകലാശാലകൾ എല്ലാം തന്നെ വികസിതരാഷ്ട്രങ്ങളിലാണ് എന്നത് യാദൃച്ഛികമല്ല ഉന്നത വിദ്യാഭ്യാസരംഗത്തെ പോരായ്മകൾ സമൂഹത്തിന്റെ തന്നെ ദൗർബല്യമാണ് എന്ന് യു ജി സി ചെയർമാൻ ഡോ. രാമറെഡ്ഡി ഈയിടെ പ്രസ്താവിക്കയുണ്ടായി.

# സർവകലാശാല എന്ന സങ്കൽപം

*കെ. പ്രഭാകരൻ നായർ*

വിദ്യാഭ്യാസത്തെ സംബന്ധിച്ച് കാലഹരണപ്പെട്ട സങ്കൽപങ്ങളുടെ തടവറയിലാണ് നാം ഇപ്പോഴും. ബ്രിട്ടീഷ് സാമ്രാജ്യത്വം ഉപേക്ഷിച്ചുപോയ ഈ ആശയങ്ങൾ തിരുത്താനോ കാലോചിതമായി പരിഷ്കരിക്കാനോ കാര്യമായ ശ്രമം നടന്നിട്ടില്ല. ധാരാളം പഠനങ്ങളും റിപ്പോർട്ടുകളും ഉണ്ടായിട്ടുണ്ട്. ഇപ്പോഴും ഉണ്ടാവുന്നുണ്ട്. എന്തുഫലം? ശുപാർശകൾ പ്രാവർത്തികമാക്കേണ്ടത് ഭരണാധികാരികളാണ്. അവിടെയാണ് പ്രശ്നം.

ആദ്യം മുതൽ തുടങ്ങാം—എന്താണ് ഒരു സർവകലാശാലയുടെ ധർമം? പരീക്ഷ നടത്തുക, ബിരുദം കൊടുക്കുക എന്നാണ് ഉത്തരമെങ്കിൽ നിങ്ങൾ കഴിഞ്ഞ നൂറ്റാണ്ടിൽ ജീവിക്കുന്നു. ഇതനുസരിച്ച് പബ്ലിക് സർവീസ് കമ്മീഷനും മറ്റും യൂണിവേഴ്സിറ്റി പദവി അവകാശപ്പെടാം. ബിരുദത്തിനു പകരം ഉദ്യോഗം എന്ന വ്യത്യാസമേയുള്ളു. ഒരു ജീവനക്കാരന്റെ പ്രധാനജോലി ഹാജർ പുസ്തകത്തിൽ ഒപ്പുവെക്കുകയാണ് എന്ന് പറയുംപോലെയത്രേ ഇത്.

ഘടനാപരമായി സർവകലാശാലകൾ രണ്ടു വിഭാഗത്തിൽ പെടും. ഒന്ന്—അഫിലിയേറ്റിംഗ്; രണ്ട്—യൂണിറ്ററി അഥവാ ഫെഡറൽ. ആദ്യത്തെ മാതൃകയിൽ വിദ്യാഭ്യാസം അഫിലിയേറ്റഡ് കോളേജുകളിലാണ് നടക്കുന്നത്. അപ്പോൾ യുണിവേഴ്സിറ്റിയുടെ ചുമതല മേൽപറഞ്ഞ ചടങ്ങുകളിൽ ഒതുങ്ങുന്നു.

കൈയെത്താപ്പുറത്തേക്ക് പരന്നു കിടക്കുന്ന കോളേജുകളിലെല്ലാം അധികാര ശക്തി പ്രവർത്തിപ്പിക്കുവാൻ യൂണിവേഴ്സിറ്റികൾക്ക് കഴിയാറില്ല. ഫലമോ? പാഠ്യ പദ്ധതി, അധ്യാപനനിലവാരം, സജ്ജീകരണങ്ങൾ പരീക്ഷാനടത്തിപ്പ് തുടങ്ങിയവയിൽ ഗുണനിയന്ത്രണം ഇല്ലാതാവുന്നു. കോളേജുകളെ യൂണിവേഴ്സിറ്റി ഭരിക്കുന്നു എന്നതിന്റെ വിപരീതമാണ് പലപ്പോഴും സംഭവിക്കുക കോളേജുടമകൾക്ക് സാമുദായിക രാഷ്ട്രീയ സ്വാധീനങ്ങൾ ഉള്ളപ്പോൾ പ്രത്യേകിച്ചും. ആണ്ടുതോറും പുതിയ കോളേജുകൾ പിറക്കുന്നു. കൂടുതലും വിദ്യാഭ്യാസേതരമായ കാരണങ്ങളാൽ. കോളേജുകൾ വർധിക്കുമ്പോൾ പുതിയ അഫിലിയേറ്റിംഗ് സർവകലാശാല — അങ്ങിനെ ഒരു വിഷമവൃത്തം.

മറുവശം നോക്കാം. ആദ്യമായും അവസാനമായും സർവകലാശാല ഒരു വിജ്ഞാനകേന്ദ്രമാണ്. അറിവിന്റെ പുതിയ ചക്രവാളങ്ങൾ തേടുകയാണ് അതിന്റെ ദൗത്യം. അപ്പോൾ

പഠനഗവേഷണപ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം. ഇതിനുള്ള വിഭാഗങ്ങളും ഗ്രന്ഥാലയവും ഭരണസംവിധാനവും ഒക്കെ ചേർന്ന ടൗൺഷിപ്പാണ് ഫെഡറൽ മാതൃകയിലുള്ള ആധുനിക യൂണിവേഴ്സിററി. ഇവിടെ അഫിലിയേററഡ് കോളേജുകൾക്ക് പ്രസക്തി ഇല്ല. സർകലാശാലാ നേരിട്ടു നടത്തുന്ന പഠനകേന്ദ്രങ്ങൾ അഥവാ കാമ്പസുകൾ ഉണ്ടാവാം.

ലോകത്ത് മററൊരു രാജ്യത്തും ഇന്ന് അഫിലിയേററിംഗ് യൂണിവേഴ്സിററികൾ സ്ഥാപിക്കപ്പെടുന്നില്ല. ഉള്ളവയുടെ വലിപ്പം തന്നെ കുറച്ചുകൊണ്ടുവരാനാണ് ശ്രമം. ഇതിന്റെ ഭാഗമാണ് ആട്ടോണമസ് കോളേജുകൾ. ഒരു കോളേജിന് ഇത്തരത്തിൽ സ്വയംഭരണാവകാശം കൊടുക്കുന്നതോടെ അത് ഒരു മിനിയൂണിവേഴ്സിററി ആയി മാറുന്നു. പാഠ്യക്രമവും പരീക്ഷകളും മററും സ്വന്തം അധികാരപരിധിക്കുള്ളിൽ വരും. പുതിയ കോഴ്സുകളും അധ്യാപന രീതികളും പരീക്ഷിക്കാനും ഇത് അവസരം നൽകുന്നു.

പക്ഷേ രാഷ്ട്രീയവും വിദ്യാഭ്യാസവും കൂടി കുഴഞ്ഞുകിടക്കുന്ന നമ്മുടെ മണ്ണിൽ ഈ പരിഷ്കാരം വേരുപിടിക്കുക ബുദ്ധിമുട്ടാണ് എഴാം പദ്ധതിയുടെ അവസാനത്തോടെ 500 സ്വയംഭരണകോളേജുകൾ ആയിരുന്നു യു ജി സി യുടെ ലക്ഷ്യം. ഇതിന്റെ നാലിലൊന്നുപോലും യാഥാർഥ്യമായിട്ടില്ല ഉള്ളവയിൽ ഭൂരിപക്ഷവും തമിഴ്നാട്ടിലാണ്. ഇവ സ്വയംഭരണാവകാശം ദുരുപയോഗം ചെയ്യുന്നു എന്ന് പരക്കെ ആക്ഷേപമുണ്ട്.

കോളേജുകളുടെ കാര്യത്തിൽ കർശനമായ കുടുംബാസൂത്രണം വേണമെന്നാണ് യു ജി സിയുടെ നിഷ്കർഷ. ഒരു സർവകലാശാലയോട് അഫിലിയേററ് ചെയ്യുന്നവയുടെ പരമാവധി എണ്ണം 50 എന്നും നിജപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസാവശ്യങ്ങൾ വസ്തുനിഷ്ഠമായി പഠിച്ച പ്ലാനിംഗ്ബോർഡ് പുതിയ കോളേജുകൾ വേണ്ട എന്ന നിഗമനത്തിലാണെത്തിയത്. ഇതെല്ലാം അവഗണിക്കപ്പെടുകയാണ്. പ്രാഥമിക സൗകര്യങ്ങൾപോലുമില്ലാത്ത നിരവധി കോളേജുകൾ നിലനിൽക്കെ പുതിയവ കൂണുപോലെ മുളയ്ക്കുന്നു. സ്വാശ്രയകോളേജ്, ധനസഹായമില്ലാത്ത കോളേജ് തുടങ്ങി പുതിയ ഇനങ്ങൾ ഉൾപ്പെടെ. പ്രാദേശികാവശ്യങ്ങളെക്കാൾ രാഷ്ട്രീയതാൽപര്യങ്ങളാണ് ഇവിടെ പ്രവർത്തിക്കുന്നത . ഇവയെല്ലാംകൂടി ഇപ്പോൾതന്നെ താറുമാറായിരിക്കുന്ന സർവകലാശാലകളെ എവിടെ കൊണ്ടുചെന്നെത്തിക്കും എന്നു പറയാൻ വയ്യ.

പൊതു വിദ്യാഭ്യാസം കൈകാര്യംചെയ്യുന്ന നമ്മുടെ നാലു സർവകലാശാലകളിൽ മൂന്നും അഫിലിയേററിംഗ് മാതൃകയിലുള്ളതാണ്. ഇവയുടെ ഘടന മാററുക ഇന്നത്തെ സ്ഥിതിയിൽ സാധ്യമല്ല. തകർച്ചയിൽനിന്ന് രക്ഷിക്കാൻ ചെയ്യാവുന്ന മിനിമം പരിപാടി കൂടുതൽ കോളേജുകൾ തുടങ്ങാതിരിക്കയാണ്. ഗവൺമെൻറ് നിലനിൽപ്പിനായി വിദ്യാഭ്യാസത്തെ ഉപയോഗിക്കുമ്പോൾ ഇത്തരം പരിഗണനകൾക്ക് സാംഗത്യം എവിടെ ?

അതു മാത്രമല്ല, നാം ഒരു പടികൂടി പിറകോട്ടു പോവുന്നു. നവീനമാതൃകയിൽ സംവിധാനംചെയ്തിട്ടുള്ള സംസ്ഥാനത്തെ ഏകസർവകലാശാലയാണ് കൊച്ചിയിലുള്ളത്. കുറഞ്ഞകാലംകൊണ്ട് അക്കാദമിക്-ഗവേഷണരംഗങ്ങളിൽ സ്വന്തം മേൽവിലാസം ഉറപ്പിക്കാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. കേന്ദ്രസർവകലാശാലയായി ഉയർത്തകപ്പടുവാൻവരെ സാധ്യതയുള്ള ഇത് ഇന്നൊരു പ്രതിസന്ധിയിലാണ്. എല്ലാ ഉദ്ദേശ്യലക്ഷ്യങ്ങളേയും മറികടന്ന് അഫിലിയേററിംഗ് യൂണിവേഴ്സിററിയായി തരംതാഴ്ത്തപ്പെടുന്ന ദുരന്തം.

ഇടപ്പള്ളി മോഡൽ എഞ്ചിനീയറിംഗ് കോളേജ് ആദ്യം അഫിലിയേററ് ചെയ്യപ്പെട്ടു. (അഫിലിയേററഡ് എന്നല്ല അംഗീകൃത കോളേജ് എന്നാണ് പറയുക. അർഥം ഒന്നുതന്നെ) പിന്നെ ചെങ്ങന്നൂർ (ഇതിന്റെ പ്രവർത്തനരീതികളുമായി യോജിക്കാൻ കഴിയാതെ മുൻ വൈസ്ചാൻസലർ ഡോ. മഹേശ്വരി രാജിവെച്ചുപോയി. ഇപ്പോൾ അടൂരും. പട്ടിക ഇനിയും നീളും. നമ്മുടെ വിദ്യാഭ്യാസവിചക്ഷണരോ പൊതുപ്രവർത്തകരോ ഈ പരിണാമത്തിന്റെ ദൂരവ്യാപകഫലങ്ങൾ മനസിലാക്കിയിട്ടുണ്ടെന്ന് തോന്നുന്നില്ല.

ഒരുവശത്ത് കേന്ദ്രസർവകലാശാലയോ ഐ ഐ ടിയോപോലുള്ള ഉന്നതസ്ഥാപനങ്ങൾ സംസ്ഥാനത്തില്ല എന്ന മുറവിളി. മറുവശത്ത് അൽപം നിലവാരം പുലർത്തുന്നവയെപ്പോലും 'സാദാ' ആക്കുന്ന പരിഷ്കാരങ്ങൾ കേരളം വൈരുധ്യങ്ങളുടെ നാടുതന്നെ. □

# AKPCTA

# WORKSHOP ON HIGHER EDUCATION IN CHEMISTRY

## A REPORT

This is a brief report of the workshop on Higher Education in Chemistry held at University College, Thiruvananthapuram on 29th November 1994 under the auspices of the Academic Committee of A.K.P.C.T.A. Fifty teachers from different private and Govt. Colleges participated in the workshop. Prof. V.N. Rajasekharan pillai, Director, School of Chemical Sciences. Mahatma Gandhi University inaugurated the workshop. In his inaugural address. he characterise Chemisry as a Central Science providing the necessary basic understanding for dealing with a large variety of needs of society concerning food, water, shelter, energy, health. environment etc. He pointed out the broad spectrum of Chemistry, its all encompassing domains and its stray links and overlaps with other branches of modern science, He narrated the orientation and the landmarks in the research and development in Chemistry during the last two decades, and stressed the need for coping up with these issues on the part of Chemistry teachers. He also presented for discussion a general scheme for the study of Chemistry at the P.G. & U. G. Courses. Prof. V.N R. Congratulated the association for taking active role in the academic matters and offered his wholehearted support for future follow-up action.

Prof. P. G. Chandrasekharan Nair, Chairmnn of the Academic Committee in his Presidential Speech pointed out the dual role of A.K.P.C.T.A. and stressed the need for coupling the academic activities with those in the field of safeguarding and protecting the service condition of College teachers, Prof. Mammen Varkey, Convener of the Academic Committee, while welcoming the audience presented the association's perspective in academic matters and the programmes initiated in different disciplines. Prof C J. Sivasankaran Convener of the workshop extended the vote of thanks.

The inaugural session was followed by three technical sessions for three main branches of Chemistry, Viz, physical Inorganic and organic. Twelve papers were presented in the sessions, each dealing with a critical analysis of the present syllabus and suggestions for modifications in tune with modern knowledge and needs of the society. Each

## ലീഗൽ ആക്ഷൻ, ഡയറക്ട് ആക്ഷൻ ഫണ്ട്

സുപ്രീം കോടതിവരെയുള്ള കേസിനും സമരത്തിനും വന്നിട്ടുള്ള ചെലവുകൾ വളരെ വലുതാണ്. എല്ലാ ബ്രാഞ്ചുകളും അവരവരുടെ വിഹിതം ഉടൻ തന്നെ എത്തിച്ചു തരണം.

പ്രൊഫ. കെ. സദാശിവൻ നായർ
ജനറൽ സെക്രട്ടറി

session provided ample time for active discussion.

The chairperson for the first session Physical Chemistry was Prof. C. E. S. Namboothiri, University College, Thiruvananthapuram. Dr. A. SalahuddinKunju (University College), Dr. G. Raveendran (S.N. College, Chempazhathy) and Prof. C. K. Ravi (S.N. College, Varkala) presented their papers on M.Sc., B.Sc. Main and B.Sc. subsidiary courses repectively. Prof. K Prabhakaran Nair presided over the second session on Inorganic Chemistry. Dr. C.P. Prabhakaran (University of Kerala) reviewed the study of inorganic Chemistry at the P. G. level. Dr. T. Radhakrishnan (University College) and Dr G. Krishnan (University College) and Prof. I. G. Shibi (S. N. College Kollam) examined the teaching of inorganic chemistry in B.Sc. classes. Dr. John Koshy's (Mar Ivanios College, Trivandrum) paper dealt with the subsidiary inorganic Chemistry. In the third session organic Chemistry the paper presenters were Dr. K N. Rajasekharan (University of Kerala), Dr. C. P. Aravindnkshan (Govt. Engineering College Trivandrum), Dr. Sreekumar (University of Kerala) and Dr. M.S. Suseelan (University College). They contributed their valuable suggestions for the effective and need-based teaching of Organic Chemistry. Prof. K. R. Janardhanan (N.S S. College, Nenmara) was the Chairperson in the session. Prof. T. N. Manoharan (S.N. College, Chempazhanthy) acted as the rapporter of sessions. Prof. R. Mohanakumar, Secretary of A.K. P.C.T.A Kerala University area offered the vote of thanks.

The general conclusions arrived at the work-shop can be summerised as follows :

i) Revision of the syllabus is not the only way out to make the study of Chemistry more effective and attractive This process should be accompanied by. restructuring of courses, modern techniques of evaluation system, introduction of semester system, at least, at the P.G. level, improvement in the infrastructure facilities in the Colleges, refresher courses of teachers etc.

ii) The study of Chemistry subsidiary should be in tune with the needs of the

Main subject. Viz, Physics, Zoology. Botany or Geology. A different syllabus for Chemistry subsidiary with respect to each main subject should be introduced.

iii) Wide-ranging suggestions with respect to restructuring of courses, syllabus revision and evaluation system should be invited from chemistry teachers from Colleges and Universities.

iv) A faculty consisting of the chair persons, paper presenters and a few nominated scholars should be constituted.

v) Based on the papers presented at the workshop and the suggestions from the teachers the faculty should prepare a draft for discussion,

vi) Three work-shops for each branch of chemisttry shall be conducted to finalise the report on the courses, syllabi and evaluation system in the study of Chemistry in the field of higher education.

*—Prof. C. J. Sivasankaran*
*Christ College, Irinjalakuda*

ESTD: 1952

**CURRENT BOOKS**

ROUND WEST,

THRISSUR-680 001

Phones :

| | | | | | |
|---|---|---|---|---|---|
| Office | : | 335292 | Showroom | : | 335660 |
| | | 335642 | Godown | : | 335527 |

Distributors and Institutional Suppliers of all types of books especially subject books on History, Economics, Commerce, Mathematics, Physics, Chemistry, Botany, Zoology, Electronics, Computer Technology and English/Malayalam literature.

*Abstract of the Lecture for the A K P C T A Seminar on Higher Education In Chemistry, University College, Thiruvananthapuram. October 29, 1994.*

*V. N. RAJASEKHARAN PILLAI*
*Mahatma Gandhi University*

# TEACHING AND RESEARCH IN CHEMICAL SCIENCES IN INDIAN UNIVERSITIES – A PLEA FOR AN OVERALL REVISION OF THE CURRICULAM AND APPROACHES IN TEACHING

Chemistry is a descriptive science with a strong experimental bias. It is mainly concerned with the structure, properties and synthesis of matter. With such a broad all-encompassing domain, Chemistry forges strong links and overlaps with many branches of modern science. Chemistry can be regarded as a central science providing the necessary basic understanding for dealing with a large variety of needs of society. The needs of mankind, particularly those concerning food, water, shelter, energy, health and the environment are increasing much more rapidly and at the same time there is a continuous depletion of naturol resources. Better use and management of existing resources are therfore needed and this will require a considerable knowledge of chemistry and also put high demands on Chemistry teaching This would pose a challenge to the creativity of present generation of teachers and and students.

In addition to addressing to the needs and concerns of society in vital areas like health, food, energy and environment, Chemistry offers opportunities for creative research in such diverse and emerging areas as molecular electronics, molecular recognition super conductivity, insat communication, gene synthesis, biological and a biological catalysis and nanotechnology. In the industry, chemists are working today in such diverse fields as chemical and pharmaceutical industries, agriculture and the food industry, textile and paper, rubber and plastics, electronics and aerospace industry, metallurgy and construction materials, energy productions and even in commerce, banking managerial

(Continued to page 25)

# പ്രൊഫ. സുന്ദരേശൻനായർ കുടുംബ സഹായ നിധി

സുഹൃത്തേ,

അതീവ ദുഃഖത്തോടെയാണ് പ്രൊഫ. സുന്ദരേശൻനായരുടെ മരണവാർത്ത നമ്മൾ കേട്ടത്. കോളേജദ്ധ്യാപകർക്കെല്ലാം ഉററസുഹൃത്തായിരുന്നു അദ്ദേഹം. പ്രഗത്ഭനായ അദ്ധ്യാപകൻ, സംഘാടകൻ, രാഷ്ട്രീയനേതാവ് എന്നീ നിലകളിലെല്ലാം ആ വ്യക്തിത്വം നമ്മെ ആകർഷിച്ചു. സ്വകാര്യകോളേജ് അദ്ധ്യാപകർക്ക് ഒരിക്കലും അദ്ദേഹത്തെ മറക്കാനാവില്ല. എ.കെ.പി.സി.ടി.എ വൈസ് പ്രസിഡൻറ്, ജോയിൻറ് സെക്രട്ടറി എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നു. സംഘടന നടത്തിയിട്ടുള്ള സുദീർഘമായ സമരങ്ങളിലെല്ലാം മുന്നണിപ്പോരാളിയായിരുന്നു. എസ്.എൻ. കോളേജ് അദ്ധ്യാപകസമരം, ഫാത്തിമാ കോളേജിലും കായംകുളം കോളേജിലും നടന്ന സമരങ്ങൾ, ഡയറക്ട് പേമെൻറ് സമരം ഇതിലെല്ലാം ത്യാഗപൂർവ്വമായ നേതൃത്വമാണ് പ്രൊഫ. സുന്ദരേശൻനായർ നൽകിയത്. യു.ജി.സി. ശമ്പളപരിഷ്കരണം നേടിയെടുക്കാനായി സമരം നടന്നപ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണി ലെയ്സൺ കമ്മററി അംഗമായിരുന്നു അദ്ദേഹം. ആ കമ്മററിയെക്കൊണ്ട് അദ്ധ്യാപകരുടെ ആവശ്യം അംഗീകരിപ്പിക്കുന്നതിൽ സുപ്രധാനമായ പങ്കാണ് പ്രൊഫ. സുന്ദരേശൻ നായർ വഹിച്ചത്.

അദ്ധ്യാപകർക്ക് യു.ജി.സി. ശമ്പള സ്കെയിൽ ലഭ്യമാക്കുവാൻ പണിപ്പെട്ട പ്രൊഫ. സുന്ദരേശൻ നായർ മരിക്കുമ്പോൾ വാങ്ങിക്കൊണ്ടിരുന്ന ശമ്പളം ഇരുപതുവർഷം മുമ്പു വാങ്ങിയിരുന്ന ശമ്പളംതന്നെയായിരുന്നു. ഹൗസിംഗ്ബോർഡ് ചെയർമാനായിരുന്നപ്പോൾ എല്ലാവർക്കും വീടു നിർമ്മിച്ചു നൽകാൻ മുന്നിട്ടുനിന്നു പ്രവർത്തിച്ച അദ്ദേഹം പ്രസ്തുത സ്ഥാനം ഒഴിഞ്ഞപ്പോൾ മടങ്ങിപ്പോയത് വാടകവീട്ടിലേക്കായിരുന്നു. അദ്ദേഹത്തിൻെറ രണ്ടുകുട്ടികളുടെയും വിദ്യാഭ്യാസം പൂർത്തിയായിട്ടില്ല. ഒന്നും സ്വന്തമായി കരുതിവയ്ക്കുന്ന ശീലമില്ലാതിരുന്ന അദ്ദേഹത്തിൻെറ പെട്ടെന്നുള്ള മരണം ആ കുടുംബത്തെ തളർത്തിയിട്ടുണ്ട്.

നമുക്കെല്ലാംവേണ്ടി ജീവിച്ച പ്രൊഫ. സുന്ദരേശൻ നായരുടെ കുടുംബത്തെ സഹായിക്കാനും സംരക്ഷിക്കാനുമുള്ള ധാർമ്മിക ബാദ്ധ്യത നമുക്കുണ്ട്. അത് നിറവേററാനായി എ.കെ.പി.സി.ടി.എ. ഒരു കുടുംബസഹായ നിധി രൂപീകരിക്കുകയും അതിൻെറ പ്രവർത്തനങ്ങൾക്കായി സംഘടനയുടെ പ്രസിഡൻറ് ചെയർമാനായുള്ള ഒരു കമ്മിററിയെ ചുമതലപ്പെടുത്തിയിരിക്കയുമാണ്. ഈ നിധിയിലേക്ക് പരമാവധി സഹായം നൽകി ഈ സംരംഭം വിജയിപ്പിക്കണമെന്ന് എല്ലാ അദ്ധ്യാപകരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

1995 ജനുവരി 10നകം സഹായധനം ഡ്രാഫ്ററായി താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ എത്തിക്കുക.

പ്രൊഫ. എൽ. ജി. വർഗീസ്

ചെയർമാൻ
പ്രൊഫ. സുന്ദരേശൻനായർ കുടുംബ
സഹായനിധി കമ്മിററി
എസ്. എൻ. കോളേജ്
ചെമ്പഴന്തി പി. ഒ. തിരുവനന്തപുരം–695 587

ബഹു: മുഖ്യമന്ത്രി

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിലും ഉന്നത വിദ്യാഭ്യാസമേഖലയിലും ഇപ്പോൾ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചില പരിഷ്ക്കരണനടപടികൾ ദീർഘകാലമായി ഈ സംസ്ഥാനം പിൻതുടർന്നുപോന്ന വിദ്യാഭ്യാസനയത്തെ പാടേ തിരുത്തിക്കുറിക്കുന്നതും അത്യന്തം പ്രതിലോമപരവുമാണെന്നു ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. അക്കാദമിക്സമൂഹമാകെത്തന്നെ തത്വദീക്ഷയില്ലാത്ത ഇത്തരം നടപടികളെ ശക്തിയുക്തം എതിർക്കാനും ഉന്നത നീതിപീഠങ്ങൾ വിലക്കുകൾ ഏർപ്പെടുത്താനും മുന്നോട്ടുവന്നിരിക്കുന്ന ഈസന്ദർഭത്തിൽപോലും വികലവും പിന്തിരിപ്പനുമായ നയങ്ങളിൽനിന്നും വ്യതിചലിക്കാനോ വിവാദപ്രശ്നങ്ങൾ ളള സർക്കാരിന്റെ തീരുമാനം ദശാബ്ദങ്ങളായിനിലനിന്നുപോരുന്ന കേരളീയ വിദ്യാഭ്യാസത്തിന്റെ ബഹുജനാടിത്തറ തകർക്കുന്ന നടപടിയാണ്. ജനതയ്ക്ക് വിദ്യാഭ്യാസം നൽകാനുള്ള സ്റേററിന്റെ പ്രാഥമിക ചുമതല വിസ്മരിച്ചുകൊണ്ട് ലാഭാധിഷ്ഠിതമായ സമീപനമാണ് ഇക്കാര്യത്തിൽ ഇപ്പോൾ സ്വീകരിക്കപ്പെട്ടിരിക്കുന്നത്. അനിയന്ത്രിതമായ സ്വകാര്യവൽക്കരണം വിദ്യാഭ്യാസത്തിന്റെ സാമൂഹ്യലക്ഷ്യം കൈവരിക്കുന്നതിന് തടസമാകുമെന്നതിനുപരി കച്ചവടത്തിനും അഴിമതിക്കും മാന്യത നേടിക്കൊടുത്തുകൊണ്ട് സമൂഹത്തിൽ ദുഷിച്ച ഫലങ്ങൾ ഉളവാക്കുകയും ചെയ്യും. സ്ക്കൂൾതലത്തിൽ അംഗീകൃത അൺഎയിഡഡ് സ്ഥാപനങ്ങളുടെ ആധിക്യം ഇതിനകംതന്നെ നിരവധി പ്രശ്നങ്ങൾ ഉയർത്തിക്കഴിഞ്ഞിട്ടുണ്ട്. അവയ്ക്കു പരിഹാരം കാണാൻ ബാ

# വിദ്യാഭ്യാസക്കച്ചവടം അവസാനിപ്പിക്കുക

## KSTA, AKPCTA, ARGCT, DSTU, ASTA, UNI: EMPLOYEES CONFEDERATION എന്നീസംഘടനകൾ സംയുക്തമായിസർക്കാരിനുനല്കിയ നിവേദനം

പൊതുചർച്ചയ്ക്ക് വിഷയീഭവിപ്പിച്ച് അഭിപ്രായസമന്വയമുണ്ടാക്കാനോ താങ്കളോ താങ്കൾ പ്രതിനിധാനംചെയ്യുന്ന ഐക്യമുന്നണി ഗവർമെന്റോ തയ്യാറായിക്കാണുന്നില്ല ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട വിഭാഗങ്ങൾ പ്രക്ഷോഭമാർഗം അവലംബിക്കാൻ നിർബന്ധിതരായിരിക്കുകയാണ്. ഈ പ്രക്ഷോഭത്തിനാധാരമായ മുഖ്യപ്രശ്നങ്ങൾ താങ്കളുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു.

### അൺ എയിഡഡ് സ്കൂളുകളും കോളേജുകളും ആരംഭിക്കാതിരിക്കുക

സ്ക്കൂൾതലത്തിലും കോളേജുതലത്തിലും സ്വകാര്യമേഖലയിൽ കൂടുതൽ അൺഎയിഡഡ് വിദ്യാലയങ്ങൾക്ക് അനുമതി നൽകാനു ദ്ധ്യതപ്പെട്ട ഭരണകർത്താക്കളാകട്ടെ ലാഭകരമല്ലെന്നു ചൂണ്ടിക്കാട്ടി സർക്കാർ വിദ്യാലയങ്ങൾ ഒന്നൊന്നായി അടച്ചുപൂട്ടിക്കൊണ്ട് അൺഎയിഡഡ് വിദ്യാലയങ്ങൾ അനുവദിച്ച് വരേണ്യവർഗ്ഗ താൽപര്യംമാത്രം സംരക്ഷിക്കുകയും ചെയ്യുന്നു. സാധാരക്കാരായ ജനങ്ങളുടെ കുട്ടികൾക്കു വിദ്യാഭ്യാസം നേടുന്നതിന് ഇന്നു ലഭിക്കുന്ന സൗകര്യങ്ങളും സൗജന്യങ്ങളും നിഷേധിച്ച് വിദ്യാഭ്യാസം പണക്കാർക്കുമാത്രമായി പരിമിതപ്പെടുത്തുന്നതാണ് സർക്കാരിന്റെ നയം. ഒന്നാം ക്ലാസുതൊട്ട് പ്രീഡിഗ്രിവരെയുള്ള വിദ്യാഭ്യാസം സൗജന്യമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഈ സംസ്ഥാനത്ത് പാവപ്പെട്ടവന്റെ കുട്ടികൾക്ക് സാമാന്യവിദ്യാഭ്യാസംപോലും നേടാൻ നിർവ്വാഹമില്ലാത്ത അവസ്ഥ വന്നുചേർന്നിരിക്കുകയാണ്. അൺ എയിഡഡ് കോളേജുകൾ കൂടി ആരംഭിക്കുന്നതോടെ ഈ തരംതിരിവ്

പൂർണ്ണമാകും. വിദ്യാർത്ഥിപ്രവേശനത്തിലും അധ്യാപകനിയമനത്തിലും ക്ലാസുകളുടെ നടത്തിപ്പിലും ഫീസ് പിരിവിലും സമ്പൂർണ്ണ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട്, ഒററയടിക്ക് ഒട്ടേറെ അൺഎയിഡഡ് കോളേജുകരം അനുവദിക്കുന്നതിന്റെ പിന്നിൽ അഴിമതിയും വർഗ്ഗീയ പ്രീണനവുമാണ് നിഴലിക്കുന്നത്- സംസ്ഥാനത്തു നിലവിലുള്ള സാമൂഹ്യബന്ധങ്ങളേയും ഘടനയേയും പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ അൺഎയിഡഡ് വിദ്യാലയങ്ങരം ആരംഭിക്കാനുള്ള നീക്കത്തിൽ നിന്നും സർക്കാർ പിന്തിരിയണമെന്ന് ഞങ്ങരം ആവശ്യപ്പെടുന്നു.

## സ്വാശ്രയ–സ്വയംഭരണ കോളേജുകൾ നിറുത്തലാക്കുക

കഴിഞ്ഞകാലങ്ങളിൽ ജനങ്ങരം നടത്തിയ യോജിച്ച പ്രവർത്തനങ്ങളിലൂടെ വിദ്യാഭ്യാസരംഗത്ത് അഭിമാനകരമായ നേട്ടങ്ങളാണ് കേരളത്തിനു കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ വിദ്യാഭ്യാസരംഗത്തെ ഈ നേട്ടങ്ങളെല്ലാം തകിടംമറിക്കാനും ഉന്നതവിദ്യാഭ്യാസവും പ്രൊഫഷണൽ ബിരുദങ്ങളും സാമാന്യജനതയ്ക്ക് അപ്രാപ്യമാക്കിത്തീർക്കാനുമുള്ള ബോധപൂർവ്വമായ ശ്രമമാണ് സർക്കാരിന്റെതന്നെ മുൻകൈയോടെ നടക്കുന്നത്. ഉന്നത വിദ്യാഭ്യാസരംഗത്ത് നിയമങ്ങളും കീഴ്വഴക്കങ്ങളും മറികടന്ന് ഇതുവരെയില്ലാതിരുന്ന സ്വാശ്രയകോളേജുകളും സ്വയംഭരണ കോളേജുകളും ആരംഭിക്കാനുള്ള സർക്കാരിന്റെ തീരുമാനം ജനങ്ങളിൽ വമ്പിച്ച പ്രതിഷേധമുയർത്തിയിട്ടുണ്ട്. ഇതിനകം ആരംഭിച്ചുകഴിഞ്ഞ ചില സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ തുടക്കത്തിൽതന്നെ നടന്ന ക്രമവിരുദ്ധമായ വിദ്യാർത്ഥിപ്രവേശനവും അതിനെതിരെ വന്നിരിക്കുന്ന കോടതിവിധിയും സ്വാശ്രയകോളേജുകളുടെ വിപത്തിന്റെ രൂക്ഷത എടുത്തുകാട്ടുന്നുണ്ട്. ജനതയുടെ സമഗ്രവികസനമോ പ്രാദേശികമായ ആവശ്യങ്ങളോ കണക്കിലെടുത്തുകൊണ്ടുള്ള സ്ഥാപനങ്ങളും കോഴ്സുകളും ആവിഷ്കരിക്കുകയെന്ന നയത്തിൽനിന്നും വ്യതിചലിച്ച് ലാഭേച്ഛയോടെ നടത്തുന്ന ഇത്തരം സ്വാശ്രയ കോളേജുകരംക്ക് യാതൊരു മാനദണ്ഡവും കൂടാതെ അനുമതി നൽകാനുള്ള നീക്കം അത്യന്തം പ്രതിഷേധാർഹമാണ്. സമ്പന്നരിൽനിന്നും കോഴപ്പണം പിരിക്കാനും വമ്പിച്ച ഫീസ് നിരക്കുകരം അടിച്ചേൽപ്പിക്കാനും യഥേഷ്ടം സൗകര്യം ചെയ്തുകൊണ്ട് സ്വാശ്രയകോളേജുകരംക്ക് അനുമതി നൽകുന്നത് സാമ്പത്തികമായ ഉച്ചനീചത്വങ്ങരം പെരുപ്പിക്കുകയും പ്രബുദ്ധമായ കേരളത്തിലെ ജനങ്ങളെ പ്രകടമായി രണ്ടുതട്ടിലാക്കുകയും ചെയ്യുമെന്നതിനാൽ സ്വാശ്രയകോളേജുകരം മേലിൽ അനുവദിക്കാതിരിക്കാനും അനുവദിച്ച കോളേജുകരം നിറുത്തലാക്കാനും ഗവർമെണ്ട് നടപടി സ്വീകരിക്കണമെന്നും സ്വയം–ഭരണ കോളേജുകരം ആരംഭിക്കാതിരിക്കണമെന്നും ഞങ്ങരം ആവശ്യപ്പെടുന്നു.

## ഒന്നാംവർഷ പ്രീഡിഗ്രി സർവകലാശാലാ പരീക്ഷ നിലനിർത്തുക

സർവ്വകലാശാലയുടെ നയരൂപീകരണ സമിതികളിൽ വിശദമായിചർച്ചചെയ്യാതെയും ബന്ധപ്പെട്ട വിഭാഗങ്ങളുമായി കൂടിയാലോചിക്കാതെയും ഒന്നാംവർഷ പ്രീഡിഗ്രി പരീക്ഷനിറുത്തലാക്കൽ സർക്കാർ ഏകപക്ഷീയമായി കൈക്കൊണ്ട തീരുമാനം ഇത്തരം വിദ്യാഭ്യാസപ്രശ്നങ്ങരം എത്ര ലാഘവത്തോടെയും നിരുത്തരവാദപരവുമായാണ് അധികൃതർ കൈകാര്യംചെയ്യുന്നതെന്നു വ്യക്തമാക്കുന്നു. രണ്ടു ദശാബ്ദങ്ങരംക്കുമുമ്പ് വിശദമായ പഠനങ്ങരംക്കും ചർച്ചകരംക്കുംശേഷംനടപ്പാക്കിയ വാർഷികപരീക്ഷാ സമ്പ്രദായമാണ് ഇപ്പോരം റദ്ദാക്കപ്പെട്ടിരിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് വാർഷികപരീക്ഷകരം കൂടിയേ കഴിയൂ എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പ്രീഡിഗ്രിതലത്തിലും ഡിഗ്രിതലത്തുലും, ഒന്നാം വർഷ യൂണിവേഴ്സിററി പരീക്ഷകരം ഏർപ്പെടുത്തിയത്. വർഷാന്ത്യപരീക്ഷകരം നിലവിലില്ലാതിരുന്നഘട്ടത്തിൽ കോഴ്സുകളുടെ ആദ്യപകുതി വിദ്യാർത്ഥികരം ഗൗരവമായി എടുക്കാതെപാഴാക്കികളയുന്നതായി വിദ്യാഭ്യാസപ്രവർത്തകരിൽ നിന്നും രക്ഷിതാക്കളിൽനിന്നുംപരാതിഉണ്ടായിരുന്നുഇതര സംസ്ഥാനങ്ങളിൽ സെമസ്ററർസമ്പ്രദായത്തിലൂടെ അർധവാർഷിക പരീക്ഷകരം

(ശേഷം 25–ാം പേജിൽ)

മാതൃഭൂമി മുഖപ്രസംഗം

# പുതിയ കോളേജുകൾ ഇക്കൊല്ലം വേണ്ട

മൂന്നിൽ രണ്ടു ഭാഗവും കഴിഞ്ഞുപോയ ഈ വിദ്യാഭ്യാസവർഷത്തിൽ പുതിയ കോളേജുകൾ തുടങ്ങുകയോ, പുതിയ കോളേജുകൾക്ക് സർവകലാശാലകൾ അഫിലിയേഷൻ നൽകുകയോ ചെയ്യുന്നത് സ്റ്റേചെയ്തുകൊണ്ട് കേരള ഹൈക്കോടതി വ്യാഴാഴ്ച പുറപ്പെടുവിച്ച ഉത്തരവ് ബന്ധപ്പെട്ട എല്ലാവരും അനുസരിക്കേണ്ടതാണ്. ഗവൺമെൻറ് ഇക്കൊല്ലംതന്നെ അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ള 34 കോളേജുകൾ നിലവിൽവന്ന് അധ്യയനം തുടങ്ങണമെങ്കിൽ 1995 ജനുവരി 15-ാം തീയതിയെങ്കിലും ആകുമെന്നും കഷ്ടിച്ച് 60 അധ്യയനദിവസങ്ങൾകൊണ്ട് ഒരു കൊല്ലത്തെ വിഷയങ്ങൾ മുഴുവൻ തീർത്താൽ അതു വിദ്യാഭ്യാസത്തിന്റെ നിലവാരംതാഴ്ത്തുകയും കുട്ടികളുടെ അറിവിന്റെ ഗുണം കുറയ്ക്കുകയും ചെയ്യുമെന്നുമുള്ള കോടതിയുടെ ദൃഢമായ അഭിപ്രായത്തെ മാനിച്ചെങ്കിലും ആ ഉത്തരവ് അംഗീകരിക്കപ്പെടണം. ഈ വൈകിയ വേളയിൽ പുതിയ കോളേജുകൾ ഇക്കൊല്ലം തുടങ്ങാൻ അനുവദിച്ചാൽ, സർവകലാശാലാനിയമങ്ങളും ഓർഡിനൻസുകളും ചട്ടങ്ങളും ഒരു പ്രവർത്തനവർഷത്തെ കേന്ദ്രബിന്ദുവാക്കി സംവിധാനംചെയ്തിട്ടുള്ള വിദ്യാഭ്യാസത്തിന്റെ ചട്ടക്കൂടും ചേർന്നുണ്ടാകുന്ന വിപുലമായ കലാശാലാ വിദ്യാഭ്യാസപദ്ധതി ആകെ അവതാളത്തിലാകുമെന്ന്, പ്രസക്തമായ എല്ലാ വശങ്ങളും പരിഗണിച്ചപ്പോൾ, തനിക്ക് പ്രഥമദൃഷ്ട്യാ ബോധ്യമായിരിക്കുന്നു എന്നു വ്യക്തമാക്കിക്കൊണ്ടാണ് ജസ്റ്റിസ് പി. കെ. ബാലസുബ്രഹ്മണ്യൻ സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇതൊരു ഇടക്കാല തടസ്സകൽപ്പനയാണെങ്കിലും, വിഷയം കലാശാലാവിദ്യാഭ്യാസം ആണെന്ന നിലയ്ക്ക് പറയാനുള്ളതെല്ലാം കോടതി പറഞ്ഞിട്ടുണ്ട്. സ്റ്റേ നീക്കികിട്ടാൻ ഗവൺമെൻറ് അപ്പീൽകൊടുക്കാൻപോവുകയാണത്രെ. ദുരുപദിഷ്ടമാണ് ആ നടപടി, കോടതി എടുത്തുകാണിച്ച അപാകതകൾ വിദ്യാഭ്യാസം എന്ന മൗലികവിഷയത്തെ ബാധിക്കുന്നവയാണ്, നിയമത്തിന്റെ സാങ്കേതികവശങ്ങൾകൊണ്ട് അസാധുവാക്കാവുന്നവയല്ല

അധ്യാപകസംഘടനകളായ എ. കെ. പി. സി. ടി. എ. എ. കെ. ജി. സി. ടി. എന്നിവയെ പ്രതിനിധാനംചെയ്തുകൊണ്ട് കെ. സദാശിവൻ നായരും പി. കെ. മാധവൻനായരും വിദ്യാഭ്യാസസംരക്ഷണസമിതിക്കുവേണ്ടി ഒ. എൻ. വി. കുറുപ്പും മുൻ സിൻഡിക്കേറ്റംഗങ്ങളായ മാമ്മൻ വർക്കി. ജോയ് ജോബ് കുളവേലിൽ, പി. മാധവൻ നായർ, മുൻ സെനറ്റംഗം സി. ജെ. ശിവശങ്കരൻ എന്നിവരും സമർപ്പിച്ച ഹർജികളിലാണ് ഹൈക്കോടതിയുടെ ഉത്തരവുണ്ടായിട്ടുള്ളത്. സർവകലാശാലാനിയമമനുസരിച്ച് ഈ വിദ്യാഭ്യാസവർഷം പുതിയ കോളേജുകൾ തുടങ്ങുന്നതിന് കഴിഞ്ഞ വർഷം ഒക്ടോബർ 31നുമുമ്പ് രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിച്ചിരിക്കണം. ഈ വ്യവസ്ഥ മറികടക്കാനായി, സമയപരിധിയിൽ ഇളവനുവദിക്കാൻ വൈസ്ചാൻസലർമാർക്ക് അനുവാദംനൽകിക്കൊണ്ട് സർവകലാശാലകളുടെ ചാൻസലറായ ഗവർണർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എയിഡഡും അൺഎയിഡഡും ആയ പുതിയ കോളേജുകളിലെ ഫീസുകളും അധ്യാപകരുടെ സേവനവ്യവസ്ഥകളും മറ്റും നിശ്ചയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് മൂന്നു സർവകലാശാലകളുടെയും രജിസ്ട്രാർമാർക്ക് ഉന്നതവിദ്യാഭ്യാസവകുപ്പ് സെക്രട്ടറി ആഗസ്റ്റ് 19-ന് കത്തും അയച്ചിരുന്നു. ഗവർണറുടെ വിജ്ഞാപനവും ഉന്നതവിദ്യാഭ്യാസസെക്രട്ടറിയുടെ കത്തും അനുസരിച്ച് നടപടികൾ എടുക്കുന്നത് കോടതി തടഞ്ഞിരിക്കയാണ്, പുതിയ അപേക്ഷകരും ഇനി അപേക്ഷിക്കുന്നവരും കോളേജുകളിൽ അവശ്യമായ ഗുണനിലവാരം പുലർത്തുമെന്നുറപ്പുവേണം

അഫിലിയേഷൻ നൽകുന്നതിനു നിയമങ്ങൾ നിർദ്ദേശിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിക്കപ്പെടണം. സിൻഡിക്കേറ്റുകൾ വിട്ടുവീഴ്ചയില്ലാതെ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണിവ. വൈകിക്കിട്ടിയ അപേക്ഷകൾ ലേറ്റ്ഫീ വാങ്ങിയാണ് പരിഗണിക്കുന്നതെന്ന വാദം കോടതി അംഗീകരിച്ചില്ല. സമയപരിധിയെന്ന മാനദണ്ഡത്തെത്തന്നെ അവഗണിക്കലാണതെന്നാണ് കോടതിയുടെ വീക്ഷണം ആകപ്പാടെ നോക്കുമ്പോൾ ചാൻസലറായ ഗവർണറെക്കൊണ്ടും ഭരണമേധാവിയായ സെക്രട്ടറിയെക്കൊണ്ടും എടുപ്പിച്ച നടപടികളൊക്കെ, സർക്കാരിനെത്തന്നെ പരിഹാസപാത്രമാക്കുന്നവയായിരിക്കയാണ്.

എയിഡഡ്-അൺ എയിഡഡ് ബി.എഡ് ഇനങ്ങളിലായി 71 പുതിയ കോളേജുകൾ സ്ഥാപിക്കാൻ ഗവൺമെന്റ് തീരുമാനത്തെയും അതെടുത്ത ക്രമംവിട്ട നടപടികളെയും ഞങ്ങൾ വിമർശിച്ചിരുന്നു. ആകപ്പാടെ മുഴുവനാകാത്ത ഒരു കച്ചവടത്തിന്റെ മട്ട്’’ എന്നാണ് അന്നു ഞങ്ങൾക്കു തോന്നിയത്. കേരളത്തിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങേണ്ട ആവശ്യം തൽക്കാലമില്ല എന്നാണ് സ്റ്റേറ്റ് പ്ലാനിങ് ബോർഡിന്റെ അനുമാനം. എല്ലാ ഭാഗത്തുനിന്നും സമ്മർദ്ദം മുറുകിയതിന്റെ ഫലമായി, ആ അനുമാനം സാരമാക്കാതെ അന്നത്തെ ധനകാര്യമന്ത്രി ഉമ്മൻചാണ്ടി ഇക്കൊല്ലത്തെ ബജറ്റിൽ എട്ട് ആർട്സ്-സയൻസ് കോളേജുകൾ ഉൾപ്പെടുത്തി. പിന്നീട് സർക്കാർ അനുവദിക്കാൻ പുറപ്പെട്ടതാകട്ടെ, അതിന്റെ ഒമ്പതിരട്ടി! സ്റ്റേറ്റിലാകെ പ്രതിഷേധമുയർന്നു. അപേക്ഷ സമർപ്പിക്കേണ്ടതും സർവകലാശാല അതു പരിഗണിക്കേണ്ടതുമായ തീയതികൾ സംബന്ധിച്ച് സർവകലാശാലാ നിയമത്തിലുള്ള വ്യക്തമായ വ്യവസ്ഥകൾ ലംഘിച്ചവയായതുകൊണ്ട് സർക്കാർ കൊടുക്കുന്ന പട്ടികയിലെ മിക്ക കോളേജുകൾക്കും അനുമതി കൊടുക്കുക അസാധ്യമാണെന്നായിരുന്നു അന്ന് കേരളസർവകലാശാലാ വൈസ്ചാൻസലറുടെ നിലപാട്. നിയമവ്യവസ്ഥ ലംഘിക്കുന്നതിനെ കാലിക്കറ്റ് സർവകലാശാലാ വൈസ്ചാൻസലറും എതിർത്തുവെങ്കിലും, വൈകിയ അപേക്ഷകൾ ലേറ്റ് ഫീയോടുകൂടി സ്വീകരിക്കുന്നതിന് അദ്ദേഹം എതിരായിരുന്നില്ല. അങ്ങനെ സ്വീകരിക്കുന്നതും തെറ്റാണെന്നാണ്. ഇപ്പോൾ ഹൈക്കോടതി വ്യക്തമാക്കിയിരിക്കുന്നത്. വലിയൊരു പ്രശ്നത്തിന്റെ പരിഗണന കോടതി മാറ്റിവെച്ചിരിക്കയാണ് അക്കാദമിക് കൗൺസിലുകൾ നിലവിൽ ഇല്ലാത്തതുകൊണ്ട് നിയമദൃഷ്ട്യാ കേരള-മഹാത്മാഗാന്ധി-കാലിക്കറ്റ് സർവകലാശാലകൾതന്നെ നിലനിൽക്കുന്നില്ല എന്നാണ് ഹർജിക്കാരുടെ വാദം. സർവകലാശാലകളുടെ സത്യവാങ്മൂലങ്ങൾ വാങ്ങിയശേഷം അക്കാര്യം കോടതി പിന്നീട് പരിഗണിക്കും.

പുതിയ കോളേജുകൾ ഇങ്ങനെ കൂട്ടത്തോടെ അനുവദിക്കുന്നൊരു കാലം മുമ്പുണ്ടായിട്ടില്ല. 71 എണ്ണമില്ലെങ്കിലും, അനുവദിച്ചവ കോടതി തടഞ്ഞവ)തന്നെ 84 എണ്ണമുണ്ട്. പ്രതിപക്ഷകക്ഷികളും കക്ഷിരഹിതരും ബുദ്ധിജീവികളും ഭരണപക്ഷത്തുതന്നെയുള്ള ചില പോഷകസംഘടനകളും കൂട്ടത്തോടെ എതിർത്ത ഒരു നടപടിയും, ഇതുപോലെ, വേറെ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്, അപേക്ഷ കൊടുക്കുന്നതുമുതൽ ഗവൺമെന്റ് ഉത്തരവാകുന്നതുവരെ, ഒരു കോളേജ് തുടങ്ങുന്നതിന് നിയമാധിഷ്ഠിതവും അംഗീകൃതവുമായ നടപടിക്രമമുണ്ട്, ഈ ഗവൺമെന്റ് ആ പ്രക്രിയ ആകെ തലതിരിച്ചിരിക്കയാണെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട്, അടിസ്ഥാനസൗകര്യങ്ങളുടെതന്നെ അഭാവത്തിൽ കോളേജുകൾ കൂട്ടത്തോടെ ആരംഭിക്കാൻ ധൃതിപിടിച്ച് നടത്തുന്ന ശ്രമത്തെ ‘‘ഉന്നതവിദ്യാഭ്യാസമൊത്തക്കച്ചവട’’മായിട്ടാണ് വിമർശകർ കാണുന്നതെന്ന് ഞങ്ങൾ മുമ്പ് (ആഗസ്റ്റ് 28) സൂചിപ്പിച്ചിരുന്നു. സർക്കാർ ഏകപക്ഷീയമായി തീരുമാനങ്ങളെടുക്കേണ്ട അടിയന്തിരാവസ്ഥയൊന്നും ഇവിടുത്തെ ഉന്നത വിദ്യാഭ്യാസരംഗത്ത് ഇന്നില്ല. വിദ്യാഭ്യാസവർഷത്തിന്റെ മൂന്നിലൊന്നുമാത്രം ബാക്കിനിൽക്കെ ഒരുകൊല്ലം ആകെ ഉണ്ടായിരിക്കേണ്ട 180 അധ്യയന ദിവസങ്ങളിൽ 60 എണ്ണംപോലും കിട്ടുമോ എന്നു സംശയിക്കേണ്ട സാഹചര്യത്തിൽ, വിദ്യാഭ്യാസരംഗത്തെ ഉത്തരവാദപ്പെട്ട സംഘടനകളുടെയും വ്യക്തികളുടെയും പരാതികൾ പരിഗണിച്ച് ഈ സ്റ്റേറ്റിലെ സർവോന്നത നീതിപീഠം നിയമാധിഷ്ഠിതമായിപ്പറഞ്ഞ അഭിപ്രായം മറികടന്ന്, 34 പുതിയ കോളേജുകൾ ഇപ്പോൾതന്നെ നിലവിൽവരുത്താൻ സർക്കാർ ശ്രമിക്കരുത്. കൂടിയേതീരൂ എങ്കിൽ, അത് അടുത്തവർഷമാകാം. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ അനുവദിക്കുന്നത് യുവതലമുറയുടെ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിത്തന്നെയാവണം, ആരോടെങ്കിലുമൊക്കെയുള്ളതോ ഉണ്ടാക്കിയതോ ആയ കടപ്പാടുകൾ തീർക്കാൻ ആവരുത്.

(1994 നവമ്പർ 5)

# UNIVERSITY GRANTS COMMISSION

## OFFICE MEMORANDUM

D. O. No. F. 3 / 94 (P S.)

Dated August 24, 1994

The University Grants Commission hereby appoint a Committee to review the scales of pay of the teachers in the Universities and Colleges. The Commission, in consultation, with the Ministry of Human Resource Development, has finalised the terms of reference of the Committee, which are as follows:-

(i) To review the implementation of the previous decisions of the Government/ UGC under the scheme of Revision of pay scale approved for university and College Teachers, Librarians, Director of Physical Education and Registrars of Universities and in the process, to evaluate the extent to which the earlier recommendations in relation to qualifications, service conditions, pay scales etc. have been implemented.

(ii) To examine the present structure of emoluments and conditions of service of University and College Teachers, Librarians, Director of physical Education and Registrars of Universities taking into account the total packet of benefits available to them (such as superannuation benefits, medical, housing facilities etc.).

(iii) To make recommendations on the above having regard to the need for improving the quality of education the necessity of attracting and retaining talented persons in the teaching profession and advancement opportunities to the above categories of persons.

The committee may initiate necessary studies and analysis in regard to the terms of reference but should make its final recommendation in the light of 5th pay commission recommendations and its advice should be harmoniously constructed in relation to the recommendation of the Pay Commission.

The Committee would consist of the following members:

1. Prof. R P. Rastogi — Chairman
Former Vice-Chancellor,
Banaras Hindu University,
Varanasi.

2. Prof. V C. Kulandaiswamy — Member
Former Vice-Chancellor,
IGNOU.

3. Prof. D. P Barooah — Member
Former Vice Chancellor.
Guwhati University.

# UNIVERSITY GRANTS COMMISSION.

## OFFICE MEMORANDUM

F 3-1/94 · P S

Dated August 30, 1994

In continuation of Office Memorandum No. F 3-1/94 (P S) dated 24-8-94 regarding appointment of a Committee to review the scales of pay of the Teachers The following three additional members are added:

1. Sister Romona Fernadez — Member
   Principal,
   St Francis College for Women,
   Hyderabad, Begumpet-500 016.
2. Dr. Prithi Pal Sing Kapoor, — Member
   Principal,
   Khalsa College,
   Ludhiana, Punjab.
4. Dr. S. K. Saeed, — Member
   Principal,
   Burhani College of Commerce and Arts,
   Nisbit Road,
   Mazagaon, Bombay-400 010.

The other terms and conditions remain unchanged.

Sd/– A. K Dogra
Deputy Secretary

---

4. Prof. (Mrs.) Kantha Ahuja — Member
   Vice-Chancellor,
   Ajmer University.
5 Representative of Dept. of Education, Ministry of Human Resource Development, New Delhi (not below the rank of Joint Secretary) — Member
6 Representative of Ministry of Finance, New Delhi. (Not below the rank of Joint Secretary) — Member
7. Sh. Inderjit Khanna, Secretary, UGC. — Member Secretary

The Commission will make necessary payment towards TA/DA and all other expenses.

The terms of the Committee will be for one year w. e. f. Ist September. 1994 and which may be extended with the approval of the Commission.

*Sd/-*
*A. K. DOGRA*
Deuputy Secretary

---

### മാർ ഇവാനിയോസിൽ വിജയം

മാർ ഇവാനിയോസ് കോളേജ് കൗൺസിലിലേയ്ക്കു നടന്ന തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥി പ്രൊഫ. വർഗീസ് ചെറിയാൻ വിജയിച്ചു.

(17-ാംപേജിന്റെ തുടർച്ച)

## Teaching and research in chemistry …

positionsand administration. These areas represent a wide spectrum of man's productive activities and adds to the problems and dilemma of a chemistry teacher.

Chemistry teaching has to cope up with these issues taking into account this ever-growing and all-pervading nature of the subject. The alphabet of Chemistry, i.e. the minimum critical knowledge of facts and theories needed for a basic understanding of chemistry is extensive. Abstract concepts and the use of mathematics make it more demanding to study. Chemistry has been continually developing interfaces with other sciences such as physics and biology and at a phenomenal pace, and the scope and structure of the subject keep changing constantly. Another pre-requiste is the precise experimental work expected in the laboratory. The enrollment for Chemistry is becoming lower every year. It is the duty of the teachers in Chemistry to do something about this grave situation, if we are to slove society's problems as well as being an excellent tool for development of systematic working attitudes, creativity, logic and other intellectual skills and responsibility.

This lecture highlights the emerging scenario in the field of chemical sciences, reviews the state of chemistry education in the graduate and post-graduate levels in Indian universities (with particular reference to the colleges and Universities in Kerala) and attempts to evolve recommendations building up a case for a thorough overhauling of the curriculum and mode of approaches in Chemistry teaching.

---

(20-ാംപേജിന്റെ തുടർച്ച)


## വിദ്യാഭ്യാസക്കച്ചടവം …

നടത്തി വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്താൻ ശ്രമിക്കുമ്പോൾ ഇവിടെ വർഷാന്ത്യപരീക്ഷകൾ തന്നെയും വേണ്ടെന്നു വയ്ക്കുന്നത് വിരോധാഭാസമാണ്. കോളേജ്തലത്തിൽ ഇപ്പോൾ നടപ്പാക്കാൻ നിശ്ചയിച്ചിട്ടുള്ള വർഷാന്ത്യപരീക്ഷകൾക്ക് ഐകരൂപ്യമോ ഗൗരവമോ ഉണ്ടാകുമെന്നു കരുതാൻ പ്രയാസമാണ്. പ്രൈവറ്റു വിദ്യാർത്ഥികളെ പാടെ അവഗണിച്ചുകൊണ്ടാണ് പുതിയ പരിഷ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. സ്വകാര്യമേഖലയ്ക്ക് വിദ്യാഭ്യാസരംഗത്ത് മുൻതൂക്കമുള്ള നമ്മുടെ സംസ്ഥാനത്ത് കോളേജുതല പരീക്ഷകൾ നിഷ്പക്ഷമായും നീതിപൂർവ്വകമായും നടക്കുകയില്ലെന്നു തീർച്ചയാണ്. കഴിഞ്ഞകാലങ്ങളിൽ ഡിസ്റ്റിംഗ്ഷനും സെഷണൽമാർക്ക് സമ്പ്രദാതത്തിനുമെതിരെ നടന്നതുപോലുള്ള തീക്ഷ്ണമായ വിദ്യാർത്ഥിസമരങ്ങൾക്ക് കേരളം സാക്ഷ്യംവഹിക്കേണ്ടിവരുന്നത് ഒഴിവാക്കേണ്ടതാണ്. പരീക്ഷ നിറുത്തലാക്കൽ വിദ്യാർത്ഥികളുടെ താൽപര്യങ്ങൾക്ക് എതിരാണ് എന്നതുപോലെതന്നെ അദ്ധ്യാപകരുടേയും കോളേജുകളിലെ അനദ്ധ്യാപകരുടേയും സർവ്വകലാശാലാ ജീവനക്കാരുടേയും രംഗത്തും നിരവധി പ്രശ്നങ്ങ ഉയർത്തിയിട്ടുണ്ട്. ഒന്നാംവർഷ യൂണിവേഴ്സിറ്റി പരീക്ഷകൾ പുനഃസ്ഥാപിച്ച് ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കാൻ സർക്കാർ തയ്യാറാകണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു

## അന്യായമായ ഫീസ്‌വർദ്ധന പിൻവലിക്കുക

കോളേജുകളിലെ ട്യൂഷൻഫീസും പരീക്ഷാഫീസും, സർവ്വകലാശാലയിൽനിന്നു ലഭിക്കേണ്ട മാർക്കുലിസ്റ്റുകൾക്കും സർട്ടിഫിക്കറ്റുകൾക്കും ഒടുക്കേണ്ട ഫീസും അപേക്ഷാഫോറങ്ങൾക്കുള്ള വിലയുംമറ്റും ക്രമാതീതമായി വർദ്ധിപ്പിച്ചുകൊണ്ട് വിദ്യാർത്ഥികളുടെ

# അരൂപാഗിരീഷിന് ഒന്നാം റാങ്ക്



മഹാത്മാഗാന്ധി സർവകലാശാല 1994 മേയിൽ നടത്തിയ കെമിസ്ട്രി എം. എസ്സി പരീക്ഷയിൽ അരൂപാഗിരീഷ് ഡിസ്റ്റിംഗ്ഷനോടെ ഒന്നാംറാങ്ക് നേടി. ആലപ്പുഴ എസ്. ഡി. കോളേജ് അധ്യാപകനും എ.കെ.പി.സി.ടി.എ. അംഗവുമായ പ്രൊഫ. ആർ .സുധാകരക്കമ്മത്തിന്റെ പുത്രിയും പ്രൊഫ. കെ. ആർ. വസന്തമണിയുടെ മരുമകളുമാണ് അരൂപ. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എഞ്ചിനീയർ വി. ഗിരീഷിന്റെ പത്നിയായ അരൂപ ചങ്ങനാശേരി എസ്. ബി. കോളേജ് വിദ്യാർഥിനിയായിരുന്നു.

---

യും രക്ഷിതാക്കളുടേയുംമേൽ വമ്പിച്ച സാമ്പത്തികഭാരം ഇപ്പോൾഅടിച്ചേൽപ്പിച്ചിരിക്കുകയാണ്. പ്രൊഫഷണൽ കോളേജുകളിലെ ഫീസ് വർദ്ധന സാമാന്യജനങ്ങൾക്ക് താങ്ങാൻ കഴിയുന്നതിലും അധികമാണ്. കോളേജ് വികസനത്തിനെന്നുപറഞ്ഞ് അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികളിൽനിന്നും മാനേജ്മെന്റ് നടത്തുന്ന നിർബന്ധിതപ്പിരിവ് പരസ്യമായ കോഴയുടെ രൂപം കൈവരിച്ചിട്ടുണ്ട്. സ്വാശ്രയകോളേജുകളിലെ . ഡെപ്പോസിറ്റുപിരിവും വമ്പിച്ച ഫീസ് നിരക്കും സമൂഹത്തിലെ സമ്പന്നർക്കുമാത്രം താങ്ങാൻ പറ്റുന്നവയാണ്, പറവപ്പെട്ടവർക്കോ ക്ലിപ്തവരുമാനക്കാർക്കോ തങ്ങളുടെ സന്താനങ്ങളുടെ വിദ്യാഭ്യാസച്ചെലവുകൾ വഹിക്കാൻ കഴിയാത്തവിധത്തിൽ അവരുടെമേൽ അടിച്ചേൽപ്പിച്ചിരിക്കുന്ന അന്യായമായി വർദ്ധിപ്പിച്ച ഫീസു നിരക്കുകൾ പിൻവലിക്കുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഞങ്ങൾ സർക്കാരിനോടാവശ്യപ്പെടുന്നു.

ഈ ആവശ്യങ്ങൾക്കുനേരെ സർക്കാരിന്റെ നിഷേധാത്മകമായ നയം തിരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞങ്ങൾ 1994 നവംബർ 19 മുതൽ സെക്രട്ടറിയറ്റിനുമുമ്പിൽ അനിശ്ചിതകാലനിരാഹാരസമരം ആരംഭിക്കുന്നതാണ് ഞങ്ങൾ ഉന്നയിക്കുന്ന മേൽപ്പറഞ്ഞ ആവശ്യങ്ങൾ അനുവദിച്ചുകൊണ്ട് വിദ്യാഭ്യാസരംഗത്ത് സമാധാനവും സൗഹാർദവും നിലനിർത്താനുള്ള സത്വരനടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അല്ലാത്തപക്ഷം വിദ്യാഭ്യാസമേഖലയാകെ സ്തംഭിപ്പിക്കുന്ന തരത്തിലുള്ള രൂക്ഷമായ സമരപരിപാടികൾക്ക് രൂപം നൽകുമെന്ന് താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

കെ. ബാലകൃഷ്ണൻ നമ്പ്യാർ ജനറൽസെക്രട്ടറി,
കെഎസ്ടിഎ

പി. എം. വാസുദേവൻ, ജനറൽസെക്രട്ടറി,
ഡി എസ് ടി യു

എടത്തട്ടിൽ മാധവൻ, ജനറൽസെക്രട്ടറി,
എഎസ് ടി എ

കെ സദാശിവൻനായർ, ജനറൽസെക്രട്ടറി,
എകെപിസിടിഎ

പി കെ മാധവൻനായർ, ജനറൽസെക്രട്ടറി
എകെജിസിടി

എ ആർ പ്രതീപ്കുമാർ, ജനറൽസെക്രട്ടറി
യൂണിവേഴ്സിറ്റി എംപ്ലോയീസ്
കോൺഫെഡറേഷൻ

# TEACHERS OPTED CHAPTER III (60) PENSIONARY BENEFITS–EXTENDED

GOVERNMENT OF KERALA

Abstract

Higher Education Department...Private Colleges...Teachers opted Chapter III (60) of the Pension Statutes—Pensionary benefits...Extended...Orders issued.

HIGHER EDUCATION (D) DEPARTMENT

G. O. (Ms) No. 153/94/H. Edn. Dated, Thiruvananthapuram, 22-10-1994.

Read : 1. G. O. (Ms) No. 105/93/H. Edn. dated 10-8-1993.

2. Judgement dated 9-2-1994 in W. A. No. 1047/88 of the High Court of Kerala.

ORDER

In the Government Order read above Government have revised the Pensionary benefits of Chapter III opted Private College teachers by computing their service beyond the age of 55 years for total qualifying service subject to certain conditions. It was also ordered that the benefits sanctioned in the Government Order read above would be given effect from 1-4-90. In the judgement read above, the Honourable High Court by disposing the W. A. No. 1047/88 filed by Government has ordered to reconsider the orders in the Government Order dated 10-8-93 and to extend the benefits to those who retired before 1-4-90.

2. Government have considered the direction issued by the Honourable High Court in detail and are pleased to order that those Private College teachers who retired prior to 1-4-90 and opted Chapter III Pension Scheme will also come under the purview of the Government Order dated 10-8-93.

3. The arrears consequent on these orders will be paid only with effect from 1-4-90.

By Order of the Governor,
SUDHA PILLAI
SECRETARY TO GOVERNMENT

# UGC-RELAXATION IN NET

GOVERNMENT OF KERALA
ABSTRACT

Higher Education Department - Implementation of UGC Scheme - relaxation in National Eligibility Test/Academic qualification with regard to teachers appointed after 13-3-90 but before 14-5-92 modified orders issued.

HIGHER EDUCATION (B) DEPARTMENT

G. O. (Rt) No. 1725/94/H. Edn. Thiruvananthapuram, Dated : 16-11-1994.

Read :- (1) G.O (Rt) No. 1020/92/H. Edn. dated 2-7-1992.
(2) Government letter No. 9322/B2/92/H. Edn dated 28-8-1992.
(3) G. O (Rt) No. 1283/93/ H. Edn. dated 17-8-1993
(4) Letter No. UGC Cell 1 (1) 74401/93/Coll. Edn dated: 11-5-94 from the Director of Collegiate Education.

ORDER

In the G.O. read as Ist paper above, Government have prescribed 55% marks at Post Graduate level and a pass in the National Eligibility Test for appointment of lecturer in affiliated Colleges.

2) As per G.O. read as 3rd paper above the teachers selected/appointed through duly constituted bodies/Committees to the post of lecturers prior to 19-9-91 were exempted from 55% marks in post Graduate level.

3) In the letter read as 4th paper above the Director of Collegiate Education has informed that in the judgment in O. P. No. 13584/92 dated 18-12-92 (Sujatha. S. Lecturer in English, N.S.S. College, Nemmara Vs University of Calicut) the University of Calicut has directed that all appointments and re-appointments made to 14-5-92 need satisfy pre UGC qualifications and work load only and the above direction of Calicut University is contradictory to Government orders regarding qualification and work load of teachers in affiliated Colleges. Hence Director of Collegiate Education has requested Government to clarify whether he has to follow the directions of the University in this regard.

4) Government have examined the matter in detail and are pleased to order that the teachers appointed/re-appointed after 13-3-90 but before 14-5-92 are exempted from passing the National Eligibility Test and Academic qualifications prescribed by the UGC.

5) The G O read as first paper above will stand modified to this extent.

By Order of the Governor
B. LEELA KUMARI
UNDER SECRETARY TO GOVERNMENT

## 13-3-90 നു ശേഷം റഗുലറൈസ് ചെയ്യപ്പെട്ട അധ്യാപകർക്കും UGC

GOVERNMENT OF KERALA

No 2566/B2/94/H. Edn.
Higher Education (B) Department.
Thiruvananthapuram, Dated: 28-10-94

From
The Secretary to Government

To
The Director of Collegiate Education,
Thiruvananthapuram.

Sir,

Sub :- Extension of benefits of UGC Scheme/Scale to teachers of private College regularised after 13-3-90.

Ref:- Your lr No UGC Cell I (1) 6327/94 dated 14-9-94

I am directed to invite your attention to the reference cited and to inform you that as per G.O. (P) No. 79/90 H. Edn dated 27-3-94 qualified teachers appointed after 13-3-90 is also eligible for UGC benefits. For that no separate Government sanction is required. I am, therefore to request you to take steps to grant UGC benefits to eligible hands appointed after 13-3-90.

Yours fathfully,

Sd/-
B. Leela Kumari
Under Secretary
For Secretary to Government

# D A ഉത്തരവ്

## GOVERNMENT OF KERALA

### Abstract

Allowance—Dearness Allowance—Revision With Effect From 1-7-1993 and 1-1-1994—Orders Issued

### FINANCE (P. R. U.) DEPARTMENT

G. O. (P) No. 825/94/Fin.

Dated, Thiruvananthapuram, 30th November, 1994.

*Read*:—1. G.O. (P) No. 432/91/Fin. dated 24-7-1991.
2. G.O. (P) No. 364/92/Fin. dated 15-4-1992.
3. G.O. (P) No. 211/93/Fin. dated 15-3-1993.
4. G O (P) No. 331/94/Fin. dated 19-4-1994.
5. O.M. (F) No. 1(37)-EII (B) dated 27-9-1993 of Ministry of Finance, Department of Expenditure, Government of India.
6. O.M. (F) No. (1) 94-EII(B) dated 29-3-1994 of Ministry of Finance, Department of Expennditure, Government of India.

### ORDER

Government are pleased to order that the rates of Dearness Allowance to Government employees, Staff of Aided Schools, Private Colleges and Polytechnics full-time employees borne on the contigent and work charged establishments and employees of Local Bodies will be revised with effect from 1-7-1993 and 1-1-94 as shown below:

| *Date from which payable* | *Pay range* | *Rate of D. A. per month* |
|---|---|---|
| 1-7-1993 | Basic pay upto Rs. 3500 per month | 97% of pay |
| | Basic pay above Rs. 3500 and upto Rs. 6000 p.m. | 73% of pay subject to a minimum of Rs. 3395 p.m. |
| | Basic pay above Rs. 6000 p.m. | 63% of pay subject to a minimum of Rs. 4380 p.m. |
| 1-1-1994 | Basic pay upto Rs. 3500 per month | 104% of pay |
| | Basic pay above Rs. 3500 and upto Rs 6000 p.m. | 78% of pay subject to a minimum of Rs. 3640 p.m. |
| | Basic pay above Rs. 6000 p.m. | 67% of pay subject to a minimum of Rs. 4680 p.m. |

2. The expenditure on this account in respect of Local Bodies will be met from the funds of the Local Bodies.

3. The revised rates of D.A. will be applicable to the part-time teachers and part-time contingent employees also on the basis of pay drawn by them.

4. In the case of Public Sector Undertakings/Statutory Corporation where long term agreement exists by which the State Government D. A. is agreed to, the enhancement D. A. will be allowed with the approval of the Board of Directors subject to financial viability till a fresh agreement is executed.

5. In the case of those who remain in the pre 1-7-1988 scales, the pay for the purpose of D.A. will be the pay in the pre-revised scale plus D.A. and Ad hoc D.A. at 608 points of all India Consumer Price Index as shown in Appendix II of G O. (P) 480/89/Fin. dated 1-11-1989. For computing the amount of D.A. payable on the pay arrived at as above, as on 1-7-1993 and 1-1-1994 the principle laid down in para 5 of the Government Order 2nd cited will be followed.

6. The accounting and drawal of arrears of D.A. will be regulated as follows:—

(i) The revised rates of D.A. on account of the revision from 1-7-1993 for those drawing pay upto Rs. 3500 will be paid in cash starting from the salary for the month of December 1994. The arrears for the period from 1-7-1993 to 30-11-1994 will be drawn and credited to the P. F. account of the employee in the salary for December 1994, January 1995 or February 1995 in relaxation of rule 176 K.T.C.

(ii) The revised rates of D.A. from 1-1-1994 for those drawing pay upto Rs. 3500 will be paid in cash starting from the salary for April 1995. The arrears for the period from 1-1-1994 to 31-3-1995 will be drawn in the salary for April, May or June 1995 in relaxation of Rule 176 K.T.C. and it should be credited to the P.F. account of the employee.

(iii) In the case of those drawing pay above Rs. 3500, the three instalments of D.A. sanctioned with effect from 1-7-1991, 1-1-1992 and 1-7-1992 will continue to be credited to Provident Fund account. The D.A. amount that can be drawn in cash by them from the salary for December 1994 and April 1995 will be as follows:—

(*a*) *1-7-1993*

| | |
|---|---|
| Pay Rs. 3501 to Rs. 6000 | 73% of pay (subject to a minimum of Rs. 3395) minus the amount being credited to Provident Fund account as indicated above |
| Pay above Rs. 6000 | 63% of pay (subject to a minimum of Rs. 4380 p m) minus the amount being credited to Provident Fund account as indicated above |

(*b*) *1-1-1994*

| | |
|---|---|
| Pay Rs. 3501 to Rs. 6000 | 78% of pay (subject to a minimum of Rs. 3640 p.m.) minus the amount being credited to Provident Fund account as indicated above. |
| Pay above Rs. 6000 | 67% of pay (subject to a minimum of Rs 4680 p. m.) minus the amount being credited to Provident Fund account as indicated above. |

(*Vide* Annexure)

The arrears due for the period from 1-7-1993 to 30-11-1994 will be claimed in the salary bill for December 1994, January or February 1995. The arrears due from 1-1-1994 to 31-3-1995 will be drawn in the salary bill for April, May or June 1995

(iv) Where the employee is not eligible to subscribe to any Provident Fund before 31-3-1995, the drawal of arrears of D.A. shall be deferred and as and when the Provident Fund account is opened, it may be drawn and deposited to it.

(v) For claiming the salary for the month of March 1995, a certificate should be attached to the salary bill to the effect that "the arrears as per D A. revision with effect from 1-7-1993 to 30-11-1994 have been claimed and credited to the Provident Fund account of the employee." Similarly, for claiming the salary for the month of July 1995 a certificate should be attached to the sallary bill to the effect that "the arrears as per D A. revision with effect from 1-1-1994 to 31-3-1995 have been claimed and credited to the Provident Fund account of the employee"

(vi) The amount of D A. to be drawn and credited monthly to Provident Fund account by thoce drawing pay above Rs. 3500 p.m. may be shown separately in the Provident Fund schedule and a certificate to that effect attached to the bill for each month as already ordered in the G.O. cited as 3rd paper above.

(vii) Interest on the D.A. credited to the Provident Fund account will accrue from the first month in which the bills are presented in the Treasuries.

(viii) No withdrawal, other than final withdrawal, shall be made before the date specified below from the arrears of D A. credited to Provident Fund account.

| | *Date after which the ammount will be permitted to be withdrawn* |
|---|---|
| Arrears for the period from 1-7-1993 to 30-11-1994 | 31-12-1995 |
| Arrears for the period from 1-1-1994 to 31-3-1995 | 30-6-1996 |

7. The procedure mentioned under clause (viii) above will be applicable "mutatis mutandis" to Provident Fund other than General Provident Fund also. In regard to Contributory Provident Fund, however, there will be no matching contribution from the Government, in respect of the arreats of D.A.

8. In the bill as well as in the Provident Fund schedule, the arrears of D.A. from 1-7-1993 to 30-11-1994 and 1-1-1994 to 31-3-1995 as the case may be, should be indicated Separately. Accordingly the amount of arrears of D.A. to be credited to Provident Fund account should be shown as a separate entry in the Provident Fund schedule as shown below:

| Subscription proper | | Refund of Advance | | | Arrears of D.A. amount | | |
|---|---|---|---|---|---|---|---|
| Amount | Month to which it relates | No. of instalments | Amount | Month to which it relates | (i) From 1-7-1993 to 30-11-1994 | OR (ii) From 1-1-1994 to 31-3-1995 | Total |

| 6 | 7 | 8 | 9 | 10 | 11 | 12 | 13 (6+9+11/12) |
|---|---|---|---|---|---|---|---|

9. The following categories of employees will be paid arrears of D.A. in cash :—

(i) Those who have retired since 1-7-1993 and those who will be retiring on or before 31-7-1995.
(ii) Those who have opted not to subscribe to the P. F. account during the last one year of their service prior to retirement:
(iii) Those in whose case, it is not obligatory to maintain P. F. account;
(iv) Part-time teachers and part-time contingent employees.

By order of the Governor,
K. M. CHANDRASEKHAR,
Finance Secretary

## ANNEXURE

The amount to be credited to P. F. Account being the instalments of D.A. sanctioned with effect from 1-7-1991, 1-1-1992 and 1-7-1992 by those who are drawing pay above Rs. 3500.

| Pay range | Amount to be credited to P. F. Account [Vide para 6 (iii) of this G.O.] |
|---|---|
| Rs. 3501 to 6000 | 24% of pay subject to a minimum of Rs. 1120. |
| Above Rs. 6000 | 21% of pay subject to a minimum of Rs. 1440. |

(6-ാം പേജിന്റെ തുടർച്ച)

## യൂണി: സെനററ് തെരഞ്ഞെടുപ്പ്

ലേററി നടക്കുന്നവർക്ക് ഇതു മനസ്സിലാകണമെന്നില്ല.

അദ്ധ്യാപകരുടെ നിലനില്പിനെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾ ഈ വർഷം ഉണ്ടായി. ഇതിൽ ഏതിന്റെയെങ്കിലും പേരിൽ പ്രതിഷേധിക്കാനോ സമരം ചെയ്യാനോ ഈ സംഘടനാവീരൻമാർ തയ്യാറായോ ? നാടിന്റെ സ്വാതന്ത്ര്യത്തെത്തന്നെ കവർന്നെടുക്കുന്ന പുത്തൻ സാമ്പത്തിക നയത്തിനെതിരെ ചെറുവിരലെങ്കിലും ഇവർ അനക്കിയോ ? എന്തിന്, ന്യായമായിനടന്ന കഴിഞ്ഞ സെനററ് തെരഞ്ഞെടുപ്പ് റദ്ദാക്കിയപ്പോൾ ഈ സംഘടനക്കാർ ഒരക്ഷരം മിണ്ടിയോ ? ഇപ്പോഴവർക്കുണ്ടായ ദയനീയമായ തോൽവി സ്വയംകൃതാനർത്ഥമാണ്.

എ.കെ.പി.സി.ടി.എ യുടെ വിജയത്തിനായി വോട്ടുചെയ്ത എല്ലാ അദ്ധ്യാപകരേയും സംഘടന അഭിവാദ്യം ചെയ്യുന്നു. യൂണിവേഴ്സിററി ജനാധ്യപത്യം അപകടപ്പെട്ടിരിക്കുന്ന ഈ സമയത്ത് സംഘടനയ്ക്കു ലഭിച്ച ഈ വലിയ വിജയത്തിന് ഏറെ പ്രാധാന്യമുണ്ട്. അധ്യാപകരർപ്പിച്ച ഈ വിശ്വാസം സംഘടന കാത്തു സൂക്ഷിക്കുമെന്ന് ഞങ്ങൾ ഉറപ്പുനൽകുന്നു. ▭

# പേരൂർക്കട സർവീസ് സഹകരണബാങ്ക്
# ക്ളിപ്തം നമ്പർ 1412

തിരുവനന്തപുരം—5

* 63 വർഷത്തെ സേവനപാരമ്പര്യമുള്ള സ്പെഷ്യൽഗ്രേഡ് ബാങ്ക്

ഓഹരിമൂലധനം 850000 നിക്ഷേപങ്ങൾ 2378 ലക്ഷം അംഗങ്ങൾ 65059

* പരിപൂർണ്ണ ഇൻഷ്വറൻസ് പരിരക്ഷ** നിക്ഷേപകർക്ക് ഗവൺമെൻറ് ഗാരൻറി

ചിട്ടികളുടെ പ്രത്യേകത : ദിവസവും ചിട്ടിയിൽ ചേരാവുന്നതാണ്.

ചിട്ടിപ്പണം പററാൻ ലഘുവ്യവസ്ഥകൾമാത്രം.

40 മാസവും 20 മാസവും കൊണ്ടവസാനിക്കുന്ന ചിട്ടികൾ 25,000/—രൂപ സലവരെ ചിട്ടിപിടിച്ചു പണംപററിയ ആൾ മരിച്ചാൽ റിസ്ക്ഫണ്ടിൽ ചേർന്നിട്ടുള്ളവരാണെങ്കിൽ ബാക്കി തുക ജാമ്യക്കാരിൽനിന്ന് ഈടാക്കുന്നതല്ല.

* 1–1–'91ന് ശേഷം പതിനായിരം രൂപ സാധാരണ വായ്പയെടുത്തിട്ടുള്ളവർക്കും റിസ്ക് ഫണ്ടിൽ ചേർന്നിരുന്നാൽ ഈ ആനുകൂല്യം ലഭിക്കുന്നതാണ്.

* **അനശ്വര പെൻഷൻ പദ്ധതി** : 100 രൂപാവീതം 65 മാസം അടക്കുന്ന ഒരാൾക്ക് 66 ാം മാസം മുതൽ കല്പാന്തകാലംവരെ ഒരു നിശ്ചിതതുക പെൻഷൻ ലഭിക്കുന്നു.

* സാകല്യ : കുട്ടികൾക്കുള്ള പദ്ധതിയാണ്. നൂൽകെട്ട്ദിവസം 900 രൂപ നിക്ഷേപിച്ചാൽ 18 വയസ്സു പൂർത്തിയാകുമ്പോൾ തുക പതിനായിരമായി കുട്ടിയ്ക്ക് ലഭിക്കുന്നു.

* ശേഷക്രിയാനിധി : ഈ നിധിയിൽ ചേരുന്നവർക്ക് മരണാനന്തരകർമ്മങ്ങൾക്ക് ആയിരംരൂപ എത്തിക്കുന്നു.

S ക്യാഷ് സർട്ടിഫിക്കററ് സ്കീം : നിങ്ങളുടെ നിക്ഷേപം 63 മാസംകൊണ്ട് ഇരട്ടിയായി മടക്കിനല്കുന്നു.

* സ്വർണ്ണപ്പണയം: 25,000/- രൂപ നല്കുന്നു. പലിശ 16 ശതമാനം (നൂറുരൂപയ്ക്ക് 1 മാസം 1.33 പൈസമാത്രമാണ് പലിശ)

* നിരവധി സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ:

* ഒരു വീട്ടിൽ ഒരു അടുക്കളത്തോട്ടം. സൗജന്യവിത്തും വളവും വിതരണം.


* മാതൃകാ കേരകൃഷികേന്ദ്രങ്ങൾക്ക് സഹായം. നിർധനരായ ആയിരത്തിലധികം വിദ്യാർത്ഥികൾക്ക് സൗജന്യമായി പഠനോപകരണങ്ങൾ നൽകിവരുന്നു.

* ശ്രീചിത്രാഹോമിലെ അന്തേവാസികളിൽ വിവാഹിതരാകുന്നവർക്ക് സഹായം നല്കുന്നതിനുള്ള പദ്ധതിയും ആസൂത്രണം ചെയ്തിരിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബാങ്കുമായി ബന്ധപ്പെടുക.

എസ്. സുകുമാരൻ, കല്ലുവിള
പ്രസിഡൻറ്

പി. ബാലകൃഷ്ണൻനായർ
സെക്രട്ടറി



**ജില്ലാകേന്ദ്രങ്ങളിൽ നിരാഹാരം :** സർക്കാരിന്റെ വികലമായ വിദ്യാഭ്യാസനയത്തിനെതിരെ പത്തനംതിട്ട മിനി സിവിൽസ്റ്റേഷനുമുമ്പിൽ അനിശ്ചിതകാല നിരാഹാരസമരം നടത്തിയ എ കെ പി സി ടി എ ജില്ലാ പ്രസിഡന്റ് പ്രൊഫ. എൻ. വിജയനേയും മററ് അധ്യാപക നേതാക്കളേയും പ്രതിപക്ഷ ഉപനേതാവ് ശ്രീ. ടി. കെ. രാമകൃഷ്ണൻ എം. എൽ. എ സന്ദർശിക്കുന്നു.

---



# ഡോ. ജോസഫ് വർഗീസ് അന്തരിച്ചു

സുൽത്താൻ ബത്തേരി സെൻറ്മേരീസ് കോളേജിലെ ഇംഗ്ളീഷ് വകുപ്പു മേധാവി ഡോ. ജോസഫ് വർഗീസ് (53) നവംബർ 12 ശനിയാഴ്ച നിര്യാതനായി.

എ കെ പി സി ടി എ സംസ്ഥാന വൈസ് പ്രസിഡന്റ്, കാലിക്കട്ട് സർവ്വകലാശാലാ അക്കാദമിക് കൗൺസിൽ മെമ്പർ തുടങ്ങി വിവിധ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ ബേബി വർഗീസ് ഹൈസ്കൂൾ അധ്യാപികയും. മക്കൾ ജോർജ്, മേരി എന്നിവർ വിദ്യാർത്ഥികളുമാണ്.

---

edited printed and published by prof. v. narayanan kutty at chempaka printers thiruvananthapuram, phone 442127. chief editor k. sukumaran nair

R. No 36025/81 Registered No. KLTV (N) 35


# തൃശൂർ ടൗൺ കോ-ഓപ്പറേററീവ് ക്രെഡിററ് സൊസൈററി ലിമിററഡ് നമ്പർ - 32

പാട്ടുരായ്ക്കൽ, തൃശൂർ–1

ഫോൺ : 334066

## ആകർഷകമായ പലിശ നിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.

★ ദിവസവരുമാനക്കാരിൽ നിന്ന് ദിവസംതോറും സ്ഥലത്തുവന്ന് നിക്ഷേപം സ്വീകരിക്കുന്നു.

★ ആഴ്ചവരുമാനക്കാർക്ക് ആഴ്ചനിക്ഷേപം.

★ മാസവരുമാനക്കാർക്ക് റക്കറിംഗ് നിക്ഷേപം

★ ഒരു മാസത്തെ നോട്ടീസ് നൽകി പിൻവലിക്കാവുന്ന നോട്ടീസ് നിക്ഷേപം

★ 46 ദിവസം മുതൽ 3 വർഷംവരെയുള്ള സ്ഥിരനിക്ഷേപ പദ്ധതികൾ

★ സ്വന്തം നിക്ഷേപത്തെ ഇരട്ടിപ്പിക്കുന്ന ക്ഷേമവർദ്ധിനി പദ്ധതി

★ ഏതു വരുമാനക്കാർക്കും നിക്ഷേപിക്കാവുന്ന സേവിംഗ്സ് നിക്ഷേപം.

**വരൂ, എത്രയും പെട്ടെന്ന് സംഘത്തിലെ ഒരു നിക്ഷേപകനാകൂ. സാമൂഹ്യ പുരോഗതിയിൽ പങ്കാളിയാകൂ.**

**പലിശ നിരക്കുകൾ :**

സേവിംഗ്സ് – 6½ % നോട്ടീസ് നിക്ഷേപം –8%

സ്ഥിരനിക്ഷേപം :

| | | | |
|---|---|---|---|
| 46 ദിവസം | – 10½ % | 13 മാസം | – 12% |
| 91 ദിവസം | – 11½ % | 37 മാസം | –13% |

### ഭരണസമിതി

1. ശ്രീ. ഡി. രാമചന്ദ്രൻ — പ്രസിഡന്റ്
2. പ്രൊഫ. എം. കെ. പത്മനാഭൻ — ഡയറക്ടർ
3. പ്രൊഫ. പി. എൻ. നാരായണൻ — ,,
4. ശ്രീ. എം. അബുജാക്ഷമേനോൻ — ,,
5. ശ്രീ. വി. കെ. ഗോപിനാഥൻ — ,,
6. ശ്രീ. എൻ. വേലപ്പൻ നായർ — ,,
7. ശ്രീ. കെ. മോഹൻദാസ് — ,,
8. ശ്രീ. കെ. ആർ ബാലകൃഷ്ണൻ — ,,
9. ശ്രീ. കെ. കെ. മോഹൻ — ,,
10. ശ്രീ. കെ. കെ. കൊച്ചുണ്ണി — ,,
11. ശ്രീമതി ലീല സുകുമാരൻ — ,,

എം. ആർ. ബാലകൃഷ്ണൻ — സെക്രട്ടറി